بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 10 | ലക്കം 39

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 സെപ്റ്റംബർ 25 • ഹി.ശം 1404 തബൂക് 25 • ഹി:ഖ 1446 റബീയുൽആഖർ 02


## അല്ലാഹുവിന്റെ വചനം

يَاۤيُّهَا النَّاسُ اعْبُدُوْا رَبَّكُمُ الَّذِيْ خَلَقَكُمْ وَالَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ ﴿۲۲﴾

سورة البقرة-22

വിശ്വസിച്ചവരേ! അല്ലാഹുവിനേയും റസൂലിനേയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### കീഴുദ്യോഗസ്ഥരോടുള്ള സൽപെരുമാറ്റം.

ഹദ്റത്ത് ഇമാം അബൂഹനീഫ(റഹ്), അത്വാ ഇൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു:' അത്വാ ഒരുപാട് സ്വഹാബാക്കളിൽനിന്ന് ഈ സംഭവം കേട്ടിട്ടുണ്ട്. അതായത് അബ്ദുല്ലാഹ് ബിൻ റവാഹറ്റ്വയ്ക്ക് ഒരു അടിമസ്ത്രീ ഉണ്ടായിരുന്നു. അവൾ അദ്ദേഹത്തിന്റെ ആടുകളെ മേച്ചിരുന്നു. അദ്ദേഹം തന്റെ ഒരാടിനെ പ്രത്യേകമായി ശ്രദ്ധിക്കാൻ അവളോടു നിർദേശിച്ചിരുന്നു. ആ ആടാകട്ടെ തടിച്ചുകൊഴുത്തു തുടങ്ങി. ഒരു ദിവസം ആ സ്ത്രീ മറ്റു മൃഗങ്ങളെ നോക്കുന്നതിനിടയിൽ ഒരു ചെന്നായ് വന്ന് ആ ആടിനെ കടിച്ചുകീറി. അബ്ദുല്ലാഹ് ബിൻ റവാഹറ്റ്വ ആ ആടിനെ കാണാതായപ്പോൾ അതിനെക്കുറിച്ച് ചോദിച്ചു.ആ സ്ത്രീ നടന്ന സംഭവങ്ങളെല്ലാം അദ്ദേഹത്തെ കേൾപ്പിച്ചു. അപ്പോൾ അദ്ദേഹം അവരുടെ കരണത്തടിച്ചു. പിന്നീട് അദ്ദേഹത്തിന് തന്റെ ചെയ്തിയിൽ ഖേദം തോന്നുകയും ആ സംഭവം നബിﷺതിരുമേനിയോടു പറയുകയും ചെയ്തു. നബിﷺതിരുമേനി ഇക്കാര്യം വളരെ ഗൗരവത്തിലെടുത്തു. അവിടന്ന് പറഞ്ഞു: "എന്ത് നീ ഒരു വിശ്വാസിനിയുടെ മുഖത്തടിച്ചെന്നോ?" അപ്പോൾ ആ സ്വഹാബി പറഞ്ഞു: "ഹുദൂർ അതൊരു ഗ്രാമീണ സ്ത്രീയാണ്. പാവപ്പെട്ടവളുമാണ്. അവൾക്ക് മതത്തെ കുറിച്ച് ഒരറിവുമില്ല." നബിﷺതിരുമേനി ആ അടിമസ്ത്രീയെ വിളിച്ചുവരുത്തി. ചോദിച്ചു:'അല്ലാഹു എവിടെയാണ്?' 'ആകശത്തിലെന്ന് അവൾ പറഞ്ഞു.' തുടർന്ന് നബിﷺതിരുമേനി ചോദിച്ചു:ഞാനാരാണ്? അവൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ.' ഇതുകേട്ടപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഇവൾ വിശ്വാസിനിയാണ്! ഇവളെ മോചിപ്പിക്കുക.' അങ്ങനെ അബ്ദുല്ലാഹ് ബിൻ റവാഹ അവരെ മോചിപ്പിച്ചു.*(മുസ്നദ് അൽഇമാമുൽ അഅ്ളം, അൽഈമാനു വൽ ഇസ്‌ലാം (ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 179, മലിക് സയ്ഫുർറഹ്മാൻ സാഹിബ്)*

**നബിﷺതിരുമേനിയുടെ മുഹമ്മദ് എന്ന പേര് പ്രതാപപരമായ വർണത്തിലുള്ളതായിരുന്നു. അഹ്മദും സൗന്ദര്യമായ വർണത്തിലുള്ളതായിരുന്നു. കാരണം നമ്മുടെ ജമാഅത്തും സൗന്ദര്യപരമായ വർണത്തിലാണുള്ളത്. ഇക്കാരണത്താൽ ഇതിന്റെ പേര് അഹ്മദി എന്നായി. അഹ്മദിയ്യ ജമാഅത്തിന്റെ നാമ കാരണം**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഉപദേശങ്ങൾ

(ഈ ജമാഅത്തിന്റെ പേര് അഹ്മദി എന്ന് വെച്ചപ്പോൾ, ഇതു പുതിയപേരാണെന്ന് ആരോ ആക്ഷേപിച്ചിരുന്നു. അതിനെ സംബന്ധിച്ച് കുറച്ച് സംസാരം നടന്നു)

മസീഹ് മൗഊദ്ﷺപറഞ്ഞു:"ആളുകൾ തങ്ങളുടെ പേര് ഹനഫി എന്നും ശാഫി എന്നും മറ്റും വെച്ചിരിക്കുന്നു. ഇതെല്ലാം ബിദ്അത്ത് അഥവാ അനാചാരമാണ്. ഹദ്റത്ത് നബിﷺതിരുമേനിക്ക് രണ്ടേരണ്ടുപേരുമാത്രമാണുണ്ടായിരുന്നത്. മുഹമ്മദും അഹ്മദും സ്വല്ലല്ലാഹു അലയ്ഹിവസല്ലം. നബിﷺതിരുമേനിയുടെ ഇസ്മ് അഅ്ളം മുഹമ്മദ് എന്നാണ്;അല്ലാഹുവിന്റെ ഇസ്മ് അഅ്ളം അല്ലാഹു ആണെന്നതുപോലെ! ഇസ്മുല്ലാഹ് മറ്റു എല്ലാ നാമങ്ങളും ഉദാഹരണത്തിന് ഹയ്യ്, ഖയ്യൂം, റഹ്മാൻ, റഹീം തുടങ്ങിയവയുടെ മൗസ്വൂഫാണ്; വിശേഷിപ്പിക്കപ്പെട്ടതാണ്. ഹദ്റത്ത് റസൂൽകരീംﷺയുടെ നാമം അഹ്മദ് എന്നുമാണ്. ഇതിനെ കുറിച്ച് ഹദ്റത്ത് മസീഹ് നാസ്വിരീﷺയ അ്തീ മിൻബഅ്ദിസ്മുഹു അഹ്മദു എന്നതിൽ പറഞ്ഞിരിക്കുന്നു. (സ്വഫ്ഫ്:7) മിൻബഅ്ദീ എന്ന പദം പ്രകടിപ്പിക്കുന്നത് ആ നബി എന്റെ ശേഷം തുടർന്നു വരുമെന്നാണ്. അതായത് എന്റേയും അദ്ദേഹത്തിന്റേയുമിടയിൽ ഒരു നബിയും ഉണ്ടായിരിക്കുകയില്ല. ഹദ്റത്ത് മൂസാﷺഈ വാക്കുകൾ പറഞ്ഞില്ല. പ്രത്യുത അദ്ദേഹം മുഹമ്മദുർറസൂലുല്ലാഹി വല്ലദീന മഅഹൂ അശിദ്ദാഉ എന്നതിൽ ഹദ്റത്ത് റസൂൽകരീംﷺന്റെ മദീനീ ജിവിതത്തിലേക്ക് സൂചന നല്കിയിരിക്കുകയാണ്. ധാരാളം മുഅ്മിനീങ്ങൾ കൂടെയുണ്ടായിരുന്നപ്പോൾ. അവർ സത്യനിഷേധികളുമായി യുദ്ധം ചെയ്തു. ഹദ്റത്ത് മൂസാﷺ, നബിﷺതിരുമേനിയുടെ പേര് മുഹമ്മദ് എന്ന് പറഞ്ഞു. സ്വല്ലല്ലാഹുഅലയ്ഹിവസല്ലം. കാരണം ഹദ്റത്ത് മൂസാ തന്നെയും ജലാലീ അഥവാ പ്രതാപപരമായ വർണത്തിൽ വന്നിരുന്നയാളാണ്. ഹദ്റത്ത് ഈസാﷺഅവിടത്തെ നാമം അഹ്മദ് എന്ന് പറഞ്ഞു. കാരണം അദ്ദേഹംതന്നെയും എപ്പോഴും ജമാലീ അഥവാ സൗന്ദര്യപരമായ വർണത്തിലായിരുന്നു. നമ്മുടെ ജമാഅത്തും സൗന്ദര്യപരമായ വർണത്തിലാണുള്ളത്. ഇക്കാരണത്താൽ ഇതിന്റെ പേര് അഹ്മദി എന്നായി.(മൽഫൂദാത്ത് വാള്യം 2, പേജ് 88, 2018 പതിപ്പ്, ഖാദിയാൻ)

**റൂഹാനിയ്യത്തിന്റെ അഥവാ ആത്മീയതയുടെ അഞ്ചാമത്തെ പദവിയിലെത്തുമ്പോൾ മനുഷ്യ മലക്കായിത്തീരുന്നു. അത്തരം മനുഷ്യൻ അല്ലാഹുവിന്റെ സകല കൽപ്പനകളും നിറവേറ്റുന്നു. അവനുമേൽ ഒരിക്കലും അശ്രദ്ധയുടെ ഉറക്കമുണ്ടാകുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്റ്റ്വ അൽമുഅ്മിനൂൻ എന്ന അധ്യായത്തിലെ **വലഖദ് ഖലഖ്നാ ഫൗഖക്കും സബ്അ ത്വറാഇഖ വമാ കുന്നാ അനിൽ ഖൽഖി ഗാഫിലീന**(നാം നിങ്ങളുടെ മുകളിൽ(പദവികളുടെ)ഏഴ്(ആത്മീയ) മാർഗങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. നാം സൃഷ്ടികളെ സംബന്ധിച്ച് അശ്രദ്ധരല്ല) എന്ന ആയത്തിന് നല്കിയ വ്യാഖ്യാനത്തിൽ ആത്മീയതയുടെ ഏഴു പദവികളിലെ നാലാമത്തെ പദവിയെ സംബന്ധിച്ച് പറയുന്നു:

"മനുഷ്യന് കരസ്ഥമാകുന്ന നാലാമത്തെ പദവി, അവന് തഖ്‌വാ അഥവാ ദൈവഭക്തിയോടും റൂഹാനീയ്യത്ത് അഥവാ ആത്മീയതോടും സ്നേഹമുണ്ടാകുന്നു എന്നതാണ്. അവൻ സകല ജോലിയും ബുദ്ധികൊണ്ടും ചിന്തകൊണ്ടും ചെയ്യാൻ തുടങ്ങുന്നു. എന്നാൽ, ചിലപ്പോൾ ഇടയ്ക്കിടയ്ക്ക് ശയ്ത്വാനും അതിജയിക്കുന്നു. അതേ!തിന്മയുടെ ആക്രമണം അവനിൽ വളരെ കുറച്ചേ എൽക്കുകയുള്ളു. കാരണം അവനിൽ തിന്മയെ തിന്മയെന്ന് മനസ്സിലാക്കാനുള്ള കഴിവുണ്ടാകുന്നു. ഈ അവസ്ഥയിലേക്ക് അല്ലാഹു ഈ വാക്കുകളിൽ സൂചനനല്കിയിരിക്കുന്നു. **ഇന്നല്ലദീനത്തഖൗ ഇദാ മസ്സഹും ത്വാഇഫുൻമ്മിനശ്ശയ്ത്വാനി തദക്കറൂ ഫഇദാഹുമ്മുബ്സ്വിറൂന**(7:202) അതായത് സൂക്ഷ്മത കൈക്കൊള്ളുന്നവരാകട്ടെ, പിശാചിൽനിന്ന് വല്ല ദുർബോധനവും അവരെ ബാധിക്കുന്നതായാൽ അവർ(അല്ലാഹുവിനെ)സ്മരിക്കുന്നു. അപ്പോൾ അതാ! അവർ ശരിയാംവണ്ണം കാര്യങ്ങൾ നോക്കിക്കാണുന്നവർ ആകുന്നു. ഇതിൽനിന്ന് പ്രകടമാകുന്നത് ഇടയ്ക്കിടെ അത്തരമാളുകളെ ശയ്ത്വാൻ തന്നിലേക്ക് വലിക്കുന്നുവെന്നാണ്. എന്നാൽ, അവർ ക്ഷണത്തിൽ കരുതലുള്ളവരായിത്തീരുന്നു. അല്ലാഹുവിനെ തങ്ങളുടെ സഹായത്തിന് വിളിക്കുന്നു. സാത്താനികമായ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതരാകുകയും ചെയ്യുന്നു.

പിന്നീട് മനുഷ്യൻ ഇതിൽനിന്ന് അഭിവൃദ്ധിപ്പെടുകയും അഞ്ചാമത്തെ പദവിയിലെത്തി മലക്കായിത്തീരുകയും ചെയ്യുന്നു. അതായത് അവന്റെ മഅ്രിഫത്തെ ഇലാഹി അഥവാ ദൈവത്തെ ക്കുറിച്ചുള്ള ജ്ഞാനം അഭിവൃദ്ധിപ്പെ

ശേഷം പേജ് 7 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**ബനൂനളീർ ഗസ്വ അഥവാ യുദ്ധത്തിന്റേയും അതുമുഖേനയുണ്ടായ ബനൂനളീറിന്റെ നാടുകടത്തലിന്റേയും വിശദമായ വിവരണം.**

**ഇസ്ലാമിനും നബിﷺതിരുമേനിക്കുമ്മേൽ യുദ്ധത്തിന്റെയും ആക്രമണത്തിന്റെയും സമരാർജിത സ്വത്ത് സ്വരുക്കൂട്ടുന്നതിന്റെയും മറ്റും ആരോപണം ഉന്നയിക്കുന്നവർ നോക്കേണ്ടതാണ്......അവസാനം നബിﷺ തിരുമേനി അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് എത്രയും കഠിനമായ ശിക്ഷ നൽകാമായിരുന്നു. എന്നാൽ, നബിﷺതിരുമേനിയുടെ സമാധാന പ്രിയവും രഞ്ജിപ്പും മനുഷ്യകുലത്തോടുള്ള കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും അത്ഭുതാവഹമായ പ്രതാപവും ഉന്നത സ്വഭാവവുമാണ് വെളിപ്പെട്ടത്. നബിﷺതിരുമേനി അവർക്ക് സമാധാന പൂർവം പോകാനുള്ള അനുമതി നൽകുകയുണ്ടായി. കാരുണ്യത്തിന്റെ അവസ്ഥ നോക്കുക, ആയുധക്കോപ്പുകളൊഴികെ സാധ്യമായ സാധനങ്ങളൊക്കെ കൊണ്ടുപോകാനുള്ള അനുമതിയും നൽകി.**

**പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ലോകത്ത് മുസ്ലിമീങ്ങളുടെ പൊതുവായ അവസ്ഥയ്ക്കു വേണ്ടിയും ദുആ ചെയ്യുക.**

**ലോകത്ത് പൊതുവെ യുദ്ധസമാനമായ സാഹചര്യമുണ്ടാകുന്നു. അക്കാര്യത്തിലും ദുആ ചെയ്യുക. ഈ യുദ്ധമെന്തായാലും ഉണ്ടാകുമെന്ന നിലയിലേക്കാണ് പോകുന്നത്. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ നിരപരാധികളേയും സകല ദ്രോഹത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.**

**ഖുത്വ്ബ ജുമുഅ 2024 ജൂൺ 28, 1403 ഇഹ്സാൻ 28 മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബനൂനളീറുമായുള്ള യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞു വന്നിരുന്നത്. അതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാകുന്നു. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:

“നബിﷺതിരുമേനി ബനൂനളീറിന്റെ കോട്ടകൾ ലക്ഷ്യമാക്കി പുറപ്പെട്ടപ്പോൾ മദീന വാസികൾക്ക് ഇമാമുസ്സ്വലാത്തായി ഇബ്നു മക്തൂമിനെ നിശ്ചയിക്കുകയുണ്ടായി. നബിﷺതിരുമേനി സ്വഹാബാക്കളുടെ ഒരു സംഘവുമായി പുറപ്പെടുകയും ബനൂനളീറിന്റെ പ്രദേശത്തെ ഉപരോധിക്കുകയും ചെയ്തു. ബനൂനളീർ അന്നത്തെ യുദ്ധരീതിയനുസരിച്ച് വീട്ടുതടങ്കലിലാകുകയും ചെയ്തു. ഏറെക്കുറെ ഇതേ അവസരത്തിലാണ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും മദീനയിലെ മറ്റു മുനാഫിഖീങ്ങളും അഥവാ കപട വിശ്വാസികളും ബനൂനളീറിന്റെ മൂപ്പന്മാരോടു പറഞ്ഞത്: ‘നിങ്ങൾ ഒരുകാരണവശാലും മുസ്ലിമീങ്ങളോടു സഹകരിക്കരുത്. ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നതുമാണ്. എന്നാൽ, യഥാർഥ യുദ്ധം തുടങ്ങിയപ്പോൾ ബനൂനളീറിന്റെ പ്രതീക്ഷകൾ അസ്ഥാനത്തായി. മുനാഫിഖീങ്ങൾക്ക് അഥവാ കപടവിശ്വാസികൾക്ക് നബിﷺതിരുമേനിക്കെതിരിൽ രണാങ്കണത്തിൽ വരാൻ ധൈര്യമുണ്ടായില്ല. ബനൂഖുറയ്ളക്കും മുസ്ലിമീങ്ങൾക്കെതിരിൽ തുറന്ന നിലയിൽ ബനൂനളീറിനെ സഹായിക്കാൻ ആർജവമുണ്ടായില്ല. അതേസമയം ഇക്കൂട്ടർ മാനസികമായി അവരുടെ അണിയറയിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു. അതേപ്പറ്റി മുസ്ലിമീങ്ങൾക്ക് അറിവു ലഭിക്കുകയും ചെയ്തിരുന്നു. ഏതായാലും ബനൂനളീർ മുസ്ലിമീങ്ങളുമായി തുറന്ന പോരാട്ടത്തിന് വരികയുണ്ടായില്ല. അവർ വീട്ടുതടങ്കലിൽ തന്നെ കഴിച്ചുകൂട്ടി. അവരുടെ കോട്ടകൾ അക്കാലത്തിനനുസരിച്ച് വളരെ ശക്തമായിരുന്നു. അതുകൊണ്ട് മുസലിമീങ്ങൾക്ക് തങ്ങളെയൊന്നും ചെയ്യാൻ കഴിയില്ലെന്നും അവസാനം സ്വയം പ്രയാസത്തിലായി മുസ്ലിമീങ്ങൾ ഉപരോധം ഉപേക്ഷിക്കുമെന്നും അവർ കരുതി. വാസ്തവത്തിൽ അക്കാലത്തെ അവസ്ഥകൾക്കനുസരിച്ച് അത്തരം കോട്ടകളെ കീഴടക്കുന്നത് തീർച്ചയായും വളരെ ദുഷ്കരവും ബുദ്ധിമുട്ടുള്ളതുമായ കാര്യമായിരുന്നു. ഒരു നീണ്ടകാലത്തെ ഉപരോധം ആവശ്യമായിരുന്നു.”*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ, പേജ് 526)* ഏതായാലും നബിﷺതിരുമേനി അവിടെയെത്തി ബനൂനളീറിനുള്ള ഉപരോധം തുടരുകയുണ്ടായി. ഈ ഉപരോധം 6 ദിവസം, ചില നിവേദനങ്ങൾ പ്രകാരം 15 ദിവസംവരെ നീണ്ടുനിന്നു. ഇതു കൂടാതെ 20, 23 ദിവസമെന്നും നിവേദനങ്ങളിലുണ്ട്. ഉപരോധത്തിനിടയിൽ നബിﷺതിരുമേനി ഏതാനും മരങ്ങൾ മുറിക്കാനും തീയിടാനും കൽപ്പിച്ചു. യഹൂദികൾ കോട്ടകളിലെ കവാടങ്ങളിലൂടെ അമ്പുകളും കല്ലുകളും (മുസ്ലിമീങ്ങൾക്കു നേരെ) എറിഞ്ഞുകൊണ്ടിരുന്നു. മരങ്ങൾ അവർക്ക് പ്രതിരോധം തീർക്കുന്ന രീതിയിലും ഒളിത്താവളമെന്ന നിലയിലുമായിരുന്നു. അതായത് ഈ മരങ്ങൾ ഒളിച്ചിരിക്കാൻ പറ്റിയ സ്ഥലമായിരുന്നു. അതുകൊണ്ട് നബിﷺതിരുമേനി, അബൂ ലയ്ലാ മാസിനിയെയും അബ്ദുല്ലാഹ് ബിൻ സലാമിനേയും പ്രസ്തുത മരങ്ങൾക്ക് തീയിടുന്നതിനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചു. ഇതു യുദ്ധപരവും പ്രതിരോധപരവുമായ ആവശ്യത്തിനാണ് ചെയ്തത്. അല്ലാതെ തോട്ടങ്ങൾ നശിപ്പിക്കാൻ വേണ്ടിയായിരുന്നില്ല. കാരണം ഇസ്ലാമിന്റെ വീക്ഷണത്തിൽ (ഫല)വൃക്ഷങ്ങൾ മുറിക്കുന്നത് അനുവദനീയമായിരുന്നില്ല. തുടർന്ന് പറയുന്നു: അബൂലയ്ലാ മാസിനി അവരുടെ (യഹൂദികളുടെ) അജുവ ഇനത്തിൽപ്പെട്ട ഈന്തപ്പനകൾക്ക് തീയിട്ടു. അബ്ദുല്ലാഹ് ബിൻ സലാം അജുവയെ കൂടാതെ മറ്റു ഈന്തപ്പനകൾക്കും തീയിട്ടിരുന്നു. എന്നാൽ, നിവേദനങ്ങളിൽ ഏറ്റവും മോശമായ ഇനത്തിൽപ്പെട്ട ഈന്തപ്പനകളാണ് തീയിട്ടതെന്നും പറയുന്നുണ്ട്. അതിന്റെ വിശദീകരണം പിന്നീട് പറയാം. ഏതായാലും ഈ നിവേദനത്തിൽ ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്. ഹദ്റത്ത് അബൂ ലയ്ലാؓപറഞ്ഞു: ‘ഈ മരങ്ങൾ അവരുടെ വിലപിടിച്ച സമ്പത്താകുന്നു. അതിന് തീയിട്ടാൽ അവർക്ക് കൂടുതൽ ദുഃഖമുണ്ടാകുന്നതാണ്. അതായത് യഹൂദികൾക്ക് ദുഃഖമുണ്ടാകുന്നതാണ്. കാരണം ഇത് അവരുടെ മൂലധനമാകുന്നു.’ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാംؓപറഞ്ഞു: ‘അല്ലാഹു അവരുടെ സമ്പത്ത് നബിﷺതിരുമേനിയുടെ സമരാർജിത സ്വത്താക്കുന്നതാണ്.’ അബ്ദുല്ലാഹ് ബിൻ സലാമിന്റെ ഈ വാക്കുകളിൽനിന്ന് നല്ല ഈത്തപ്പഴങ്ങൾ ഉണ്ടാകുന്ന ഉപയോഗപ്രദമായ മരങ്ങളല്ല മറിച്ച് മറ്റുമരങ്ങൾക്കായിരുന്നു തീയിട്ടതെന്നും വ്യക്തമാകുന്നുണ്ട്. അദ്ദേഹം പറഞ്ഞു: അജുവ (ഇനം ഈന്തപ്പന)ഏറ്റവും നല്ല സമ്പത്താകുന്നു. അത് നബിﷺ

തിരുമേനിക്ക് പ്രയോജനപ്പെടുന്നതാണ്. അവരുടെ ഈ മരങ്ങൾക്ക് തീയിടുന്നത് കണ്ടപ്പോൾ യഹൂദി സ്ത്രീകൾ തങ്ങളുടെ വസ്ത്രങ്ങൾ വലിച്ചു കീറാനും മുഖത്തടിക്കാനും അലമുറയിടാനും തുടങ്ങി.

തുടർന്ന് യഹൂദികൾ ഉടൻതന്നെ ഇങ്ങനെ സന്ദേശമയച്ചു: 'അല്ലയോ മുഹമ്മദേ! താങ്കൾ വലിയ അന്തസ്സും ആഭിജാത്യവുമുള്ള ആളും കലാപങ്ങളെ വിരോധിക്കുന്ന വ്യക്തിയും കലാപങ്ങളെ ഒരു നിലയ്ക്കും ഇഷ്ടപ്പെടാത്ത വ്യക്തിയുമാകുന്നു. ഇപ്പോൾ താങ്കൾത്തന്നെയാണല്ലോ ഇതെല്ലാം ചെയ്യുന്നത്.'

നേരത്തെ പറഞ്ഞതുപോലെ വാസ്തവത്തിൽ ഈ മരങ്ങൾ അവർക്ക് ഒളിത്താവളമെന്ന നിലയ്ക്ക് പ്രതിരോധത്തിന് പ്രയോജനപ്പെടുകയായിരുന്നു. അതുകൊണ്ട് അവരുടെ ഈ പ്രതിരോധത്തെ തകർക്കേണ്ടതും ആവശ്യമായിരുന്നു. അതിലുള്ള ഒരു യുക്തി എന്തെന്നാൽ, കഴിവതും വേഗം ഈ ശക്തി ക്ഷയിപ്പിച്ചുകൊണ്ട് കൂടുതൽ കൊലകൾ ഇല്ലാതാക്കേണ്ടിയിരുന്നു. അല്ലാഹുവിന്റെ പ്രത്യേക കൽപ്പന പ്രകാരമാണ് നബിﷺതിരുമേനി മരങ്ങൾക്ക് തീയിടാനുള്ള കൽപ്പന നൽകിയതെന്ന് മനസ്സിലാകുന്നുണ്ട്. യഹൂദികളുടെ ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

**മാ ഖത്വഅ്ത്തുമ്മിൻ ലീനത്തിൻ അവ് തറക്തുമൂഹാ ഖാഇമത്തൻ അലാ ഉസ്വൂലിഹാ ഫബിഇദ്നില്ലാഹി വലിയുഖ്സിയൽഫാസിഖീൻ**(59:6)

നിങ്ങൾ വല്ല ഈന്തപ്പനയും മുറിച്ചു കളയുകയോ അല്ലെങ്കിൽ അവയുടെ മുരടുകളിൽ അവയെ നിൽക്കാൻ വിടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് അല്ലഹുവിന്റെ അനുമതിയനുസരിച്ചും അതിക്രമകാരികളെ നിന്ദ്യരാക്കിത്തീർക്കാനും വേണ്ടിയാണ്.

ചില നിവേദനങ്ങളിൽ പറയുന്നു: നബിﷺതിരുമേനി ഉപരോധം ചെയ്യുമ്പോൾത്തന്നെ യഹൂദികൾക്ക് ഒരിക്കൽക്കൂടി മാപ്പുകൊടുക്കാനുള്ള സൂചന നൽകിക്കൊണ്ട് പുതിയ നിലയിൽ ഉടമ്പടി ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ യഹൂദികളോടു പറഞ്ഞു: **ഇന്നക്കും വല്ലാഹി ലാ തഅ്മനൂന ഇൻദീ ഇല്ലാ ബി അഹ്ദിൻ തൂആഹിദൂനീ അലയ്ഹി**

നിങ്ങൾ പുതുതായി ഉടമ്പടി ചെയ്യാത്തിടത്തോളം എനിക്ക് നിങ്ങളിൽ ഒരു വിശ്വാസവുമില്ല. പക്ഷേ, അവർ ഉടമ്പടിക്ക് തയ്യാറായില്ല. യഹൂദികൾ സമ്പത്തിന് ഏറ്റവുമധികം അത്യാഗ്രഹമുള്ളവരാണ്. അവരുടെ വിലപിടിപ്പുള്ള മരങ്ങൾക്ക് തീയിട്ടപ്പോൾ അവർ ഉടൻതന്നെ മുട്ടുമടക്കി പ്രസ്തുത സ്ഥലം കാലിയാക്കാൻ തയ്യാറായി.*(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിؓ, വാള്യം 7, പേജ് 183-185, ബസം ഇഖ്ബാൽ ലാഹോർ 2022).* ഒരു നബി ചരിത്രത്തിന്റെ ഉദ്ധരണിയാണ് ഞാൻ പറഞ്ഞത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എؓയുടെ നബിചരിത്രത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ഇനി പറയാം. അദ്ദേഹം എഴുതുന്നു: 'ദിവസങ്ങളോളം മുസ്‌ലിമീങ്ങൾ ഉപരോധം തുടരുകയുണ്ടായി. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. ബനൂനളീർ പതിവുപോലെ എതിർക്കാൻ തന്നെ ശഠിച്ചുനിന്നു. അപ്പോൾ നബിﷺതിരുമേനി ബനൂനളീറിന്റെ കോട്ടയ്ക്കു പുറത്തുള്ള ചില ഈന്തപ്പനകൾ മുറിക്കാൻ കൽപ്പന നൽകി. ഈ മുറിച്ചുമാറ്റിയ ഈന്തപ്പനകൾ 'ലീന' എന്ന ഇനത്തിൽപ്പെട്ടതായിരുന്നു. അതു വളരെ താഴ്ന്ന ഇനത്തിലുള്ള ഈന്തപ്പഴമായിരുന്നു, അത് പൊതുവിൽ മനുഷ്യൻ തിന്നാൻ ഉപയോഗിക്കാറില്ല. ഈ കൽപ്പനയുടെ ഉദ്ദേശ്യം, പ്രസ്തുത മരങ്ങൾ മുറിക്കുന്നതു കാണുമ്പോൾ ബനൂനളീർ കീഴടങ്ങി തങ്ങളുടെ കോട്ടയുടെ കവാടങ്ങൾ തുറക്കണമെന്നും അങ്ങനെ ഏതാനും മരങ്ങൾക്കുണ്ടാകുന്ന നഷ്ടംകൊണ്ട് നിരവധി മനുഷ്യജീവനുകൾ നഷ്ടപ്പെടാതിരിക്കണമെന്നും നാട്ടിൽ അക്രമവും കലാപവും ഇല്ലാതാക്കണമെന്നതുമായിരുന്നു. അങ്ങനെ ഈ ഉപായം പ്രയോജനപ്പെട്ടു. ഏതാനും മരങ്ങൾ വെട്ടിയപ്പോൾത്തന്നെ മുസ്‌ലിമീങ്ങൾ തങ്ങളുടെ ഫലദായകമായ മുഴുവൻ മരങ്ങളും വെട്ടാതിരിക്കട്ടെ എന്ന ചിന്തയാൽ വേവലാതിപ്പെടാൻ തുടങ്ങി. വാസ്തവത്തിൽ വിശുദ്ധ ഖുർആന്റെ വിശദീകരണത്തിൽ പറഞ്ഞതുപോലെ ഏതാനും മരങ്ങൾ അതും 'ലീന' ഇനത്തിലെ മരങ്ങൾ വെട്ടുന്നതിനു മാത്രമാണ് അനുമതി നൽകിയത്. മറ്റു മരങ്ങൾ സംരക്ഷിക്കാൻ കൽപ്പന നൽകുകയും ചെയ്തിരുന്നു. മാത്രമല്ല സാധാരണ ഗതിയിൽ പോലും മുസ്‌ലിമീങ്ങൾക്ക് ശത്രുക്കളുടെ മരങ്ങൾ വെട്ടാൻ അനുമതി ഉണ്ടായിരുന്നില്ല. ഏതായാലും മേൽപ്പറഞ്ഞ ഉപായം ഉപകാരപ്പെട്ടു. 15 ദിവസത്തെ ഉപരോധത്തിനുശേഷം ബനൂനളീർ തങ്ങൾക്കു സാധനസാമഗ്രികളുമായി പോകാൻ അനുമതി നലകണമെന്ന നിബന്ധനയിൽ കോട്ടയുടെ കവാടങ്ങൾ തുറക്കുകയുണ്ടായി. ഈ നിബന്ധന നേരത്തെ നബിﷺതിരുമേനിതന്നെ അവർക്കുമുന്നിൽ വെച്ചതായിരുന്നു. നബിﷺതിരുമേനിയുടെ ഉദ്ദേശ്യം സമാധാന സംസ്ഥാപനമായിരുന്നു. മാത്രമല്ല നബിﷺതിരുമേനി മുസ്‌ലിമീങ്ങൾക്കുണ്ടാകുന്ന പ്രയാസത്തെയും ഈ യുദ്ധനീക്കത്തിലുണ്ടായ ചെലവുകളെയും അവഗണിച്ചുകൊണ്ട് ബനൂനളീറിന്റെ നിബന്ധകളെ അംഗീകരിക്കുകയാണ് ചെയ്തത്. ബനൂനളീറിനെ സുരക്ഷിതമായി മദീനയിൽനിന്ന് പോകുന്നതിന് തന്റെ മേൽനോട്ടത്തിൽ സാഹചര്യമൊരുക്കാൻ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ ചുമതലപ്പെടുത്തുകയും ചെയ്തു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ, പേജ് 526-52)*

ഉന്നതമായ ഇനത്തിൽപ്പെട്ട ഈന്തപ്പനകൾ മുറിച്ചിരുന്നില്ലെന്ന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതിയതുപോലെ ബുഖാരിയുടെ ഒരു വ്യാഖ്യാനത്തിലും എഴുതിയിട്ടുണ്ട്. ഈ നിവേദനത്തിന്റെ വിശദീകരണത്തിൽ പറയുന്നു: 'തീയിട്ട ഈന്തപ്പനകൾ മുന്തിയ ഇനത്തിൽപ്പെട്ടതായിരുന്നില്ല. പ്രത്യുത പൊതുവേ ജനങ്ങളുടെ ഭക്ഷണത്തിന് യോഗ്യമല്ലാത്ത മോശം ഗണത്തിൽ പെട്ടവയായിരുന്നു. *(നിഅ്മത്തുൽബാരീ ഫീ ശറഹി സ്വഹീഹുൽബുഖാരി വാള്യം 7, പേജ് 343, ഹദീഥ് 4031, പ്രസാധനം റൂമീ പബ്ലിക്കേഷൻസ് ലാഹോർ).* അതും സീറത്ത് ഖാത്തമുന്നബിയ്യീനിൽ പറഞ്ഞതുപോലെ 6 വൃക്ഷം മാത്രമാണ് കത്തിച്ചത്.

യഹൂദികളുടെ നിസ്സഹായാവസ്ഥയേയും അവർ സ്വയം നാടുവിടാൻ അപേക്ഷിച്ചതിനെയും സംബന്ധിച്ച വിശദീകരണങ്ങൾ ഇപ്രകാരമാകുന്നു: 'ഈ ഗോത്രത്തിന്റെ വൃക്ഷങ്ങൾക്ക് തീയിട്ടുകൊണ്ട് അവരെ കൂടുതൽ അങ്കലാപ്പിലാക്കുകയുണ്ടായി. അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയമുളവാക്കുകയും അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുകയും അവർ ആയുധം താഴെവെക്കാൻ നിർബന്ധിതരാകുകയും ചെയ്തു. തങ്ങൾ മദീനയിൽനിന്ന് പോകാൻ തയ്യാറാണെന്നും സമാധാനപൂർവം നാടുവിടാൻ അനുവദിക്കണമെന്നും പറഞ്ഞ് അവർ നബിﷺതിരുമേനിക്ക് സന്ദേശമയച്ചു. നബിﷺതിരുമേനി അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ മദീന വിട്ടുപോകുകയാണെങ്കിൽ നിങ്ങളുടെ ജീവൻ സുരക്ഷിതമായിരിക്കും. ആയുധങ്ങളൊഴികെ നിങ്ങളുടെ ഒട്ടകങ്ങളിൽ കയറ്റാവുന്നത്രയും സാധനങ്ങൾ നിങ്ങൾക്ക് കൊണ്ടുപോകാവുന്നതുമാണ്. ഇസ്‌ലാമിനും നബിﷺതിരുമേനിക്കുമ്മേൽ യുദ്ധത്തിന്റെയും ആക്രമണത്തിന്റെയും സമരാർജിത സ്വത്ത് സ്വരുക്കൂട്ടുന്നതിന്റെയും മറ്റും ആരോപണം ഉന്നയിക്കുന്നവർ നബിﷺതിരുമേനി യഹൂദികൾക്കുമേൽ നിയന്ത്രണം കൈവരിച്ചിരുന്നുവെന്ന കാര്യം മനസ്സിലാക്കണം. മാത്രമല്ല യഹൂദികളും തുടർച്ചയായി കരാർ ലംഘിക്കുകയും അവർ മദീന പ്രവിശ്യയുടെ ഭരണാധിപനായ നബിﷺതിരുമേനിയെ വധിക്കാൻ പലതവണ നിന്ദാവഹമായ ഗൂഢാലോചനകളും പ്രയത്നങ്ങളും ചെയ്തവരുമായിരുന്നു. അവരിപ്പോൾ ആയുധവുമേന്തി കൃത്യമായ കലാപം നടത്താൻ ഇറങ്ങിത്തിരിക്കുകയും ചെയ്തിരുന്നു. ഈ ഉപരോധത്തിനിടയിലും നബിﷺതിരുമേനി പുതുതായി ഉടമ്പടി ചെയ്യാനും രഞ്ജിപ്പിലെത്താനും ആവശ്യപ്പെടുകയും ചെയ്തു. അത് അവർ വളരെയെറെ അഹങ്കരിച്ചുകൊണ്ട് തട്ടിമാറ്റുകയാണുണ്ടായത്. ഇപ്പോൾ, അവസാനം നബിﷺതിരുമേനി അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് എത്രയും കഠിനമായ ശിക്ഷ നൽകാമായിരുന്നു. എന്നാൽ, നബിﷺതിരുമേനിയുടെ സമാധാനപ്രിയവും രഞ്ജിപ്പും മനുഷ്യകുലത്തോടുള്ള കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും അത്ഭുതാവഹമായ പ്രതാപവും ഉന്നത സ്വഭാവവുമാണ് വെളിപ്പെട്ടത്. നബിﷺതിരുമേനി അവർക്ക് സമാധാന പൂർവം പോകാനുള്ള അനുമതി നൽകുകയുണ്ടായി. കാരുണ്യത്തിന്റെ അവസ്ഥ നോക്കുക, ആയുധക്കോപ്പുകളൊഴികെ സാധ്യമായ സാധനങ്ങളൊക്കെ കൊണ്ടുപോകാനുള്ള അനുമതിയും നൽകി. തുടർന്നുള്ള

വിശദീകരണത്തിൽ യഹൂദികൾ ഈ കാരുണ്യത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളുടെ കട്ടിളപ്പടികൾ പോലും ഇളക്കിയെടുത്ത് ആറ് ഒട്ടകങ്ങൾക്കുമേൽ കയറ്റുകയുണ്ടായി. അതേസമയം കൂടെക്കൊണ്ടുപോകാൻ കഴിയാത്ത സാധനങ്ങൾ പൂർണമായും നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടാണ് അവർ തങ്ങളുടെ സ്വതസിദ്ധമായ സ്വഭാവം വെളിപ്പെടുത്തിയത്. മുസ്‌ലിമീങ്ങൾക്ക് ഉപകാരപ്പെടരുതെന്ന് കരുതിക്കൊണ്ട് തങ്ങളുടെ വീടുകളുടെ മേൽക്കൂരകളും ചുമരുകളും പൊളിക്കുകയും ചെയ്തു. വീടുകളും തകർത്ത ശേഷമാണ് അവർ പോയത്. ബനൂനളീറിനോടു നാടുവിട്ടുപോകാൻ നിബന്ധനകൾ വെച്ചിരുന്നു. ഈ നിബന്ധനകളെ സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ ലഭിക്കുന്നുണ്ട്.

ഒന്ന്: ബനൂനളീറിലെ യഹൂദികൾ മദീനക്കു പുറത്ത് എവിടേക്കു വേണമെങ്കിലും പോകാവുന്നതാണ്. ഒന്നാമത്തെ കാര്യം, ബനൂനളീർകാർക്ക് മദീനയെ ഒഴിവാക്കി എവിടെവേണമെങ്കിലും പോകാം. രണ്ട്, തങ്ങളുടെ ഇഷ്ടമനുസരിച്ച് എവിടെ വേണമെങ്കിലും പോകാവുന്നതാണ്. യഹൂദികൾ മദീന വിടുമ്പോൾ തികച്ചും നിരായുധരായിരിക്കണം. മൂന്ന്, ആയുധക്കോപ്പുകളൊഴികെ തങ്ങളുടെ ഒട്ടകങ്ങൾക്കുമേൽ കയറ്റാവുന്നതിന്റെ പരമാവധി സാധനസാമഗ്രികൾ കൊണ്ടുപോകാവുന്നതാണ്. നാല്, യഹൂദികൾ സാധ്യമായത്ര സമ്പത്ത് എടുത്തതിനുശേഷം ബാക്കിയാവുന്ന അവരുടെ സ്ഥാവരജംഗമ സ്വത്തുക്കൾ മുസ്‌ലിമീങ്ങളുടെ അധീനതയിൽ വരുന്നതായിരിക്കും.

നബിﷺതിരുമേനി നാടുകടത്തലിന്റെ നിബന്ധനകൾ നടപ്പിൽവരുത്തിയപ്പോൾ അബൂറാഫിഅ്, സല്ലാം ബിൻ അബീ ഹുഖയ്ഖ്, ഹുയ്യ ബിൻ അഖ്ത്വബിനോടു പറഞ്ഞു: 'നിനക്ക് നാശമുണ്ടാവട്ടെ. ഇതിനെക്കാൾ വലിയ മോശമായ പര്യവസാനം വരുന്നതിനുമുമ്പേ നീ ഇസ്‌ലാം സ്വീകരിക്കുക.' ഹുയ്യ പറഞ്ഞു: 'ഇതിനെക്കാൾ വലിയ മോശമായ അവസ്ഥ ഇനി എന്തുണ്ടാകാനാണ്?' അബൂറാഫിഅ് പറഞ്ഞു: 'നമ്മുടെ കുഞ്ഞുകുട്ടികൾ തടവിലാക്കപ്പെടും. നമ്മുടെ ധൈര്യശാലിയായവർ വധിക്കപ്പെടും. നമ്മുടെ സ്വത്തുവകൾ മുസ്‌ലിമീങ്ങളുടെ കൈകളിലാകും. ഇന്ന് സ്വത്തുവകകൾ ഉപേക്ഷിച്ചുപോയാൽ ജീവൻ രക്ഷിക്കുന്നത് എളുപ്പമാകും. നമ്മളെന്തെങ്കിലും കലഹമുണ്ടാക്കിയാൽ അതിന്റെ പര്യവസാനം കൊലയും തടവുമാകും." ഹുയ്യ ഒന്നു രണ്ടു ദിവസം ചിന്തിച്ചുകൊണ്ടിരുന്നു. യാമീൻ ബിൻ ഉമയ്റും അബൂ സഅ്ദ് ബിൻ വഹ്ബും അയാളുടെ സംഘർഷാവസ്ഥ കണ്ടപ്പോൾ അവരിലൊരാൾ മറ്റെയാളോടു പറഞ്ഞു: 'ഒരു സംശയവുമില്ല നിനക്കറിയാം, മുഹമ്മദ്ﷺഅല്ലാഹുവിന്റെ റസൂലാണെന്ന്! നിങ്ങൾ ഏതുകാര്യമാണ് കാത്തിരിക്കുന്നത്? നമുക്കു മുസ്‌ലിമാകാം. ഇങ്ങനെ നമ്മുടെ സ്വത്തും ജീവനും സുരക്ഷിതമായിരിക്കും.' അങ്ങനെ അവർ രാത്രിയുടെ അന്ധകാരത്തിൽ കോട്ടകളിൽനിന്ന് പുറപ്പെടുകയും ഇസ്‌ലാമിക സൈന്യത്തിലെ ത്തുകയും ചെയ്തു. അവർ ഇസ്‌ലാം സ്വീകരിച്ച് തങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാക്കി. ഇപ്രകാരം അവർ മുസ്‌ലിമീങ്ങളായി. *(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 6, പേജ് 55, ദാറുസ്സലാം രിയാള് ഹിജ്റ 1435)*

യാമിൻ ബിൻ ഉമയ്ർ പിന്നീട് വളരെ ആത്മാർഥനായ സ്വഹാബിയായിമാറി. വാസ്തവത്തിൽ ബനൂനളീറിലെ യഹൂദി അംറ് ബിൻ ജഹ്ഹാശ് നബിﷺതിരുമേനിയെ വധിക്കാൻ പാഴ്‌വേല നടത്തുന്ന സമയത്തുതന്നെ അദ്ദേഹത്തിന്റെയുള്ളിൽ നബിﷺതിരുമേനിയോടുള്ള സ്നേഹം രൂഢമൂലമായിട്ടുണ്ടായിരുന്നു. ഇസ്‌ലാം സ്വീകരിച്ച ഈ യാമിൻ ബിൻ ജഹ്ഹാശ് എന്ന നവമുസ്‌ലിം തന്നെയാണ് ഒരാൾ മുഖേന തന്റെ പിതൃസഹോദര പുത്രനായ അംറ് ബിൻ ജഹ്ഹാശിനെ കൊല്ലിച്ചത്. നബിﷺതിരുമേനിക്ക് അദ്ദേഹത്തിന്റെ ആത്മാർഥതയും സ്നേഹവും മനസ്സിലായപ്പോൾ നബിﷺതിരുമേനി സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. *(സുബുലുൽഹുദാ വർറശാദ്, ഭാഗം 4, പേജ് 323, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)(അൽബദായ വന്നഹായ ഭാഗം 5, പേജ് 538, ദാറുഹിജ്ർ1997)*

ഇത് ചരിത്ര ഗ്രന്ഥത്തിന്റെ ഉദ്ധരണിയാണ്. യഹൂദികളെ നാടുകടത്തിയതിനെ സംബന്ധിച്ച് എഴുതുന്നു: 'യഹൂദികൾ നാടുകടത്തപ്പെടുമ്പോൾ തങ്ങളുടെ ഒട്ടകങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും പുറമെ ഒട്ടകപ്പുറത്ത് കയറ്റാവുന്നത്ര സാധനസാമഗ്രികളും എടുത്തിരുന്നു. ആയുധങ്ങൾ മാത്രമാണ് ഒഴിവാക്കിയത്. അവരുടെ പക്കൽ മൊത്തം 100 ഒട്ടകങ്ങളുണ്ടായിരുന്നു. ഓരോരുത്തരും തങ്ങളുടെ വീടുകൾപോലും പൊളിച്ച് അതിന്റെ മരഉരുപ്പടികൾ അതായത് വാതിലുകൾ,ജനലുകൾ മുതലായവയും പൊളിച്ചെടുത്ത് ഒട്ടകത്തിന് പുറത്തേറ്റിയിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: 'അവർ തങ്ങളുടെ വീടുകളുടെ തൂണുകളും മേൽക്കൂരയുംപോലും പൊളിച്ചുകളയുകയുണ്ടായി. കവാടങ്ങളുടെയും വാതിലുകളുടെയും കട്ടിളപ്പടികൾപോലും അഴിച്ചെടുക്കുകയുണ്ടായി. മുസ്‌ലിമീങ്ങളോടുള്ള അസൂയയും കലിപ്പും കാരണം, തങ്ങൾ പോയ ശേഷം മുസ്‌ലിമീങ്ങൾ അവിടെ താമസിക്കരുതെന്ന ലക്ഷ്യത്തോടെ തങ്ങളുടെ വീടുകളുടെ ചുമരുകൾപോലും അവർ പൊളിക്കുകയുണ്ടായി. *(സീറത്ത് ഹൽബിയ്യ, വാല്യം 2, പേജ് 361, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ2008)*

യഹൂദികൾ തങ്ങളുടെ കുട്ടികളെയും സ്ത്രീകളെയും യാത്രയ്ക്കുള്ള ഒട്ടകങ്ങളിൽ യാത്രയാക്കുകയും ബാക്കി സാധനങ്ങൾ ഒട്ടകപ്പുറത്ത് കയറ്റുകയും ചെയ്യുന്നത് തങ്ങൾക്ക് നാടുവിടുന്നതിൽ ഒരുവിധ പ്രയാസമോ ലജ്ജയോ ഇല്ലെന്ന പ്രതീതിയിലായിരുന്നു. വാസ്തവത്തിൽ അവരുടെ നെഞ്ചകം അഗ്നിപർവതംപോലെ ആയിട്ടുണ്ടായിരുന്നു. അവരുടെയുള്ളിൽ രോഷാഗ്നി ആളിക്കത്തുന്നുണ്ടായിരുന്നു. എന്നാൽ, ഒരു പ്രശ്നവുമില്ലെന്ന ഭാവമാണ് അവർ പ്രകടിപ്പിച്ചിരുന്നത്. തങ്ങൾ സന്തോഷപൂർവമാണ് അവിടെനിന്ന് പോകുന്നതെന്ന പ്രതീതി മറ്റുള്ളവർക്കു മുന്നിൽ പ്രകടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഇവർ ആദ്യം ബനൂഹാരിഥ് ബിൻ ഖസ്റജിന്റെ പ്രദേശത്തുകൂടി പോയി ജസ്ർ എന്ന സ്ഥലം താണ്ടി മദീനയുടെ അങ്ങാടിയിലൂടെ പോകുകയാണ് ചെയ്തത്. ജസ്റും മദീനയിലുള്ള ഒരു മാർക്കറ്റാണ്. ഏതായാലും അവർ തങ്ങളുടെ സ്ത്രീകളെ അണിയിച്ചൊരുക്കി പല്ലക്കുകളിലിരുത്തി ഒട്ടകങ്ങളിൽ യാത്രയാക്കുകയും അതോടൊപ്പം പാട്ടും വാദ്യഘോഷങ്ങളും എന്നല്ല അവരുടെ നർത്തികിമാർ നൃത്തനൃത്യങ്ങളിൽ വ്യാപൃതരുമായിരുന്നു. ആളുകൾ തങ്ങളുടെ സമ്പത്തും മുതലുകളുംകണ്ട് അസൂയപ്പെടണമെന്ന ആഗ്രഹത്തിലാണ് അവരതെല്ലാം പ്രദർശിപ്പിച്ചിരുന്നത്. അബൂ റാഫിഅ് സ്വർണവും വെള്ളിയും നിറച്ച തുകൽ സഞ്ചി കൂടെക്കൂടെ ഉയർത്തിക്കൊണ്ട്, തങ്ങൾ ഇത് ഇത്തരം അവസ്ഥകളെ നേരിടാനും വിജയം കൈവരിക്കാനും വേണ്ടി കരുതിയതാണെന്ന് പറയുന്നുണ്ടായിരുന്നു. അവർ പോകുന്ന അവസ്ഥ ഇങ്ങനെയായിരുന്നു: അതായത് ഗാനങ്ങൾ ആലപിക്കുകയും പുല്ലാങ്കുഴൽ മീട്ടുകയും വികാരങ്ങൾ വ്രണപ്പെടുത്തുന്ന ഈരടികൾ ചൊല്ലുകയും നൃത്തം വെക്കുകയും ചെയ്തിരുന്നു. എന്നാൽ, നബിﷺതിരുമേനി അവരുടെ അൽപത്തരത്തെ അവഗണിക്കുകയാണുണ്ടായത്. അതെല്ലാം കണ്ടെങ്കിലും അത് ശ്രദ്ധിക്കുകയുണ്ടായില്ല. അവർക്ക് മറ്റേതെങ്കിലും സമൂഹവുമായിട്ടാണ് ഏറ്റുമുട്ടേണ്ടി വന്നിരുന്നെങ്കിൽ, അവരുടെ ചെയ്തികൾ കാരണം അവർക്ക് നാണം മറയ്ക്കാനുള്ള തുണിപോലും കിട്ടില്ലായിരുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 7, പേജ് 187, ബസം ഇഖ്ബാൽ ലാഹോർ 2022)(മഖാലാത്തെ മദീന മുനവ്വറ പേജ് 142, എഡിറ്റർ മുഹമ്മദ് ഫയ്ള് അഹ് മദ് ഉവയ്സി, കുതുബു ഖാന ഇമാം അഹ്മദ് രിളാ)*

അവർ ചെയ്തിരുന്ന അവസ്ഥയും അവർ സ്വീകരിച്ച രീതിയുമനുസരിച്ച് ഒന്നും കൊണ്ടുപോകാൻ അനുവദിക്കാതിരിക്കുക എന്ന ശിക്ഷതന്നെയാണ് അവർക്ക് കിട്ടേണ്ടിയിരുന്നത്. എന്നാൽ നബിﷺതിരുമേനിയുടെ പൊറുമയും കരുണയുമാണ് അവരുടെ ചെയ്തികളെ അവഗണിച്ചത്.

ബനൂനളീറിന്റെ പുതിയ വാസസ്ഥലം എവിടെയായിരുന്നു എന്നതിനെക്കുറിച്ച് എഴുതുന്നു: 'ബനൂനളീറിന് രാജ്യഭ്രഷ്ട് കൽപ്പിച്ചപ്പോൾ മുഴുവൻ അറേബ്യൻ ദ്വീപിൽനിന്നും വിട്ടുപോകേണ്ട കാര്യമില്ലായിരുന്നു. മദീനയിൽനിന്ന് പോകുക മാത്രമേ വേണ്ടിയിരുന്നുള്ളൂ. മദീനയിൽനിന്ന് മാത്രമാണ് അവരെ പുറത്താക്കിയത്. അതിനുപുറമേ എവിടെ വേണമെങ്കിലും താമസമാക്കാമായിരുന്നു. അങ്ങനെ അവരിൽ കുറച്ചുപേർ ശാമിലെ അദ്‌രിയാത്തിൽ പോയി. ഭൂരിപക്ഷമാളുകളും ഖയ്ബറിലേക്കാണ് പോയത്. ഖയ്ബർ മദീനയിൽനിന്ന് ഏകദേശം 96 മൈൽ ദൂരെയാണ്. ദ്വീപുപോലുള്ള ഈ

പ്രദേശം അറേബ്യയിൽ അഭയം തേടിയെത്തിയ യഹൂദികളുടെ വലിയൊരു കേന്ദ്രമായിരുന്നു. അവിടെ അവരുടെ ആയുധധാരികളായ പതിനായിരം യുദ്ധഭടന്മാരുണ്ടായിരുന്നു. കൂടാതെ അവിടെ യഹൂദികളുടെ നിരവധി കോട്ടകളുമുണ്ടായിരുന്നു. ഈ പ്രദേശം കാർഷികമായും സമ്പന്നമായിരുന്നു. അറേബ്യൻ ഉപദ്വീപിലെ എല്ലാ യഹൂദികളും ബനൂനളീറിന്റെ നേതൃത്വം അംഗീകരിച്ചിരുന്നു. കാരണം അവർ തങ്ങളെ ഹദ്റത്ത് ഹാറൂൺ(അ)ന്റെ വംശാവലിയാണെന്നായിരുന്നു പറഞ്ഞിരുന്നത്. കൂടാതെ ബനൂനളീർ സമ്പന്നരും വളരെ കൂർമ ബുദ്ധിക്ക് ഉടമകളുമായിരുന്നു. അതുകൊണ്ടുതന്നെ ഇവർ ഖയ്ബറിലേക്ക് പോയപ്പോൾ അവിടെ യഹൂദികളുടെ ശക്തിയും ബലവും വർധിക്കുകയുണ്ടായി. അവരിൽ ബനൂനളീറിലെ മൂപ്പന്മാരായ ഹുയ്യ ബിൻ അഖ്ത്വബ്, സല്ലാം ബിൻ അബീ ഹുഖയ്ഖ്, കിനാന ബിൻ റബീഅ് മുതലായവരുണ്ടായിരുന്നു. ഖയ്ബറിലെ യഹൂദികൾ യുദ്ധനിപുണതയിൽ വ്യതിരിക്തരും മേൽക്കോയ്മയുള്ളവരുമായിരുന്നു. യുദ്ധസംബന്ധമായി ഖയ്ബറിലെ ആളുകൾ വലിയ നിപുണന്മാരായിരുന്നെങ്കിൽ ബനൂനളീർ യുദ്ധത്തെ അപേക്ഷിച്ച് രാഷ്ട്രതന്ത്രപരമായ ഉൾക്കാഴ്ചയിൽ മുൻപന്തിയിലായിരുന്നു. രാഷ്ട്രതന്ത്രത്തിൽ ബനൂനളീറുകാർ വളരെ സമർഥരായിരുന്നു. ഖയ്ബറിൽ കാൽവെച്ചതും അവർ അതായത് ബനൂനളീർ വളരെ എളുപ്പത്തിൽ തങ്ങളെ ഭരണനേതൃത്വത്തിൽ പ്രതിഷ്ഠിക്കുകയുണ്ടായി. അതിന്റെ ഫലമായി ഖയ്ബർ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഒരു യുദ്ധകേന്ദ്രമായി മാറുകയും ചെയ്തു.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 57-58 ദാറുസ്സലാം രിയാള് ഹിജ്റ 1435)*

ബനൂനളീറിലെ യഹൂദികളോടൊപ്പം അൻസ്വാറിലെ ആളുകളുടെ മക്കൾ പോകുന്നതു സംബന്ധമായും വിവരണമുണ്ട്. ബനൂനളീറിലെ കുറച്ചാളുകൾ ശാമിലെ അദ്‌രിയാത്ത് എന്ന സ്ഥലത്താണ് പോയത്. ഈ യഹൂദികളുടെ കൂട്ടത്തിൽ ചില അൻസ്വാർ മുസ്‌ലിമീങ്ങളുടെ ആൺമക്കളുമുണ്ടായിരുന്നു. അതിനുള്ള കാരണം, ഏതെങ്കിലും അൻസ്വാർ സ്ത്രീയുടെ ആൺമക്കൾ ജീവിച്ചിരിക്കാതായാൽ ഇസ്‌ലാമിനു മുമ്പേ അവരിലുണ്ടായിരുന്ന സമ്പ്രദായം പ്രസ്തുത സ്ത്രീ മകനെ യഹൂദിയാക്കാമെന്ന് നേർച്ച നേരുമായിരുന്നു. അങ്ങനെ പല അൻസ്വാറിന്റേയും ആൺമക്കൾ യഹൂദികളായിട്ടുണ്ടായിരുന്നു. ബനൂനളീറിലെ ആളുകൾ നാടുവിടാൻ തുടങ്ങിയപ്പോൾ ഈ കുട്ടികളുടെ പിതാക്കന്മാർ തങ്ങളുടെ മക്കളെ അവരോടൊപ്പം വിടുകയില്ലെന്നു പറയുകയുണ്ടായി. ആ സന്ദർഭത്തിൽ അല്ലാഹു അവരെ സംബന്ധിച്ച് ലാ ഇക്റാഹ ഫിദ്ദീൻ(2:257)(ദീനിന്റെ കാര്യത്തിൽ ബലാൽക്കാരമില്ല) എന്ന വഹ്‌യ് ഇറക്കിയതായി സീറത്തു ഹൽബിയ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.*(സീറത്ത് ഹൽബിയ്യ വാള്യം 2, പേജ് 362, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2008)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)യും ഇതു സംബന്ധമായി എഴുതുന്നു: 'ബനൂനളീർ വലിയ പ്രതാപത്തോടെ തങ്ങളുടെ എല്ലാ സാധനസാമഗ്രികളും എത്രത്തോളമെന്നാൽ, അവരവരുടെ വീടുകൾപോലും സ്വന്തംകൈകൊണ്ട് പൊളിച്ചുമാറ്റി അതിന്റെ വാതിലുകളും കട്ടളകളും മരഉരുപ്പടികളുമെല്ലാം പിഴുതെടുത്തു കൊണ്ടുപോയി. എഴുതുന്നു: ഇവർ മദീനയിൽനിന്ന് വലിയ ആഘോഷപൂർവം പാട്ടും വാദ്യവുമായി കല്യാണപാർട്ടി പോകുന്നതുപോലെയാണ് പോയത്. അതേസമയം അവരുടെ യുദ്ധസാമഗ്രികളും സ്ഥാവരജംഗമ സ്വത്തുക്കളും അതായത് തോട്ടങ്ങളും മറ്റും മുസ്‌ലിമീങ്ങളുടെ കൈകളിലായി. ഈ സമ്പത്ത് പ്രത്യക്ഷത്തിൽ ഒരുവിധ യുദ്ധവും കൂടാതെ കിട്ടിയതായിരുന്നു. അതുകൊണ്ട് ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അതിന്റെ വിതരണം പൂർണമായും നബി(സ)തിരുമേനിയുടെ കൈകളിലായിരുന്നു. നബി(സ)തിരുമേനി ഈ സമ്പത്ത് അധികവും ദരിദ്രരായ മുസ്‌ലിമീങ്ങൾക്കിടയിലാണ് വിതരണം ചെയ്തത്. അവരുടെ ഉപജീവനത്തിനുള്ള ഭാരം തുടക്കത്തിലുണ്ടാക്കിയ സാഹോദര്യ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അൻസ്വാറിന്റെ സമ്പത്തിൽത്തന്നെ തുടർന്നു വരികയായിരുന്നു. അങ്ങനെ നേരിട്ട് അൻസ്വാറും ഈ സമരാർജിത സമ്പത്തിൽ ഭാഗഭാക്കായി.

സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമയുടെ മേൽനോട്ടത്തിൽ ബനൂനളീർ മദീനയിൽനിന്ന് പുറത്തുപോകുമ്പോൾ ചില അൻസ്വാർ ചിലരെ അവരോടൊപ്പം പോകുന്നതിൽനിന്ന് തടയാൻ ആഗ്രഹിച്ചിരുന്നു. അവർ വാസ്തവത്തിൽ അൻസ്വാറിന്റെതന്നെ മക്കളായിരുന്നു. പക്ഷേ, അൻസ്വാർ ചെയ്ത നേർച്ച കാരണം അവർ യഹൂദികളായിട്ടുണ്ടായിരുന്നു. ബനൂനളീർ അവരെ കൂടെ കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, അൻസ്വാറിന്റെ ഈ ആവശ്യം ഇസ്‌ലാമിക അധ്യാപനമായ ലാ ഇക്റാഹ ഫിദ്ദീൻ (മതത്തിൽ ബലാൽക്കാരമില്ല) എന്നതിന് നിരക്കാത്തതായതിനാൽ നബി(സ)തിരുമേനി മുസ്‌ലിമീങ്ങൾക്കെതിരിൽ യഹൂദികൾക്ക് അനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായി. തുടർന്ന് പറഞ്ഞു: പോകാനാഗ്രഹിക്കുന്ന ഒരു യഹൂദിയെയും നമ്മൾ തടയുന്നതല്ല. അതേസമയം ബനൂനളീറിലെ രണ്ടാളുകൾ സ്വന്തം ഇഷ്ടപ്രകാരം മുസ്‌ലിമായി മദീനയിൽത്തന്നെ തങ്ങി. നേരത്തെ അതേപ്പറ്റി പറഞ്ഞുകഴിഞ്ഞതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ)തിരുമേനി ബനൂനളീറിനെ സംബന്ധിച്ച് അവർ ശാമിലേക്ക് പോകണമെന്ന് തീരുമാനം പറഞ്ഞിരുന്നു. അതായത് അറേബ്യയിൽ തങ്ങരുത്. പക്ഷേ, എന്നിട്ടും അവരിലെ ചില മൂപ്പന്മാർ അതായത് സല്ലാം ബിൻ അബീ ഹുഖയ്ഖ്, കിനാന ബിൻ റബീഅ്, ഹുയ്യ ബിൻ അഖ്ത്വബ് എന്നിവർ ഹിജാസിനു വടക്കുള്ള യഹൂദികളുടെ കേൾവിപ്പെട്ട നാടായ ഖയ്ബറിൽ പോയി താമസമാക്കി. ഖയ്ബർ വാസികൾ അവരെ നല്ലപോലെ സ്വീകരിക്കുകയും ചെയ്തു. ഇവർ പിന്നീട് മുസ്‌ലിമീങ്ങൾക്കെതിരിൽ ഭയാനകമായ കലാപത്തിനും ശക്തമായ യുദ്ധത്തിനും കാരണമാകുകയും ചെയ്തു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 527-528)*

ബനൂനളീറിൽ നിന്ന് ലഭിച്ച സമ്പത്ത് 'ഫൈമാൽ' എന്നാണ് അറിയപ്പെടുന്നത്. അതെങ്ങനെയാണ് വിതരണം ചെയ്തത് എന്നതിനെപ്പറ്റി എഴുതുന്നു:

"ബനൂനളീർ ഗോത്രം പോയതിനുശേഷം അവരുടെ ആയുധങ്ങളും തോട്ടങ്ങളും സ്ഥലവും വീടുകളും നബി(സ)തിരുമേനി തന്റെ നിയന്ത്രണത്തിൽ ഏറ്റെടുത്തു. ആയുധങ്ങളിൽ 50 പടത്തൊപ്പികളും 25 പടച്ചട്ടകളും 340 വാളുകളുമുണ്ടായിരുന്നു. ഇത് മുസ്‌ലിമീങ്ങൾക്കു കിട്ടിയ ആദ്യത്തെ "ഫൈമാൽ" ആയിരുന്നു. കാഫിരീങ്ങളിൽനിന്ന് യുദ്ധം കൂടാതെ കിട്ടുന്ന സമ്പത്തിനാണ് 'ഫൈമാൽ' എന്ന് പറയുന്നത്. അത് സമരാർജിത സ്വത്തുക്കൾ പോലെ അഞ്ചിലൊന്ന് മാറ്റിവെക്കുകയല്ല ചെയ്യുക. മറിച്ച് മുഴുവൻ സമ്പത്തും നബി(സ)തിരുമേനിയുടെ അധീനതയിൽ വരുന്നതാണ്. പിന്നെ നബി(സ)യ്ക്ക് തന്റെ ഇഷ്ടപ്രകാരം അത് ചെലവഴിക്കാവുന്നതുമാണ്. ബനൂനളീറുമായി യുദ്ധം ചെയ്യേണ്ട ആവശ്യംതന്നെ വന്നില്ല. മറിച്ച് അല്ലാഹു തന്റെ നബിയുടെ ആദരയുക്തമായ ഭയം അവരുടെയുള്ളിൽ ഉണ്ടാക്കി. അങ്ങനെ അല്ലാഹു തന്റെ റസൂലിനെ അവരുടെ സമ്പത്തിന് അവകാശിയാക്കുകയും ചെയ്തു.

**• ഹദീഥുന്നബ്‌വി(സ) •**

**"ഇത്തഖുല്ലാഹ ഫിന്നിസാഇ."**

**സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.**

ത്വാലിബെ ദുആ **C. K.MUHAMMED SHAREEF&FAMILY** AHMADIYYA JAMA-ATH VANIYAMBALAM.

**• ഹദീഥുന്നബ്‌വി(സ) •**

**"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."**

**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.**

ത്വാലിബെ ദുആ **LATE T.K.SIDHIQUE AND FAMILY** KARULAI, MALAPPURAM

ഇത്തരം സമ്പത്ത് 'ഫൈ' എന്ന പേരിലാണ് അറിയപ്പെടുന്നത്. മുസ്‌ലിമീങ്ങൾ നന്മയുടെ മാർഗത്തിൽ ചെലവഴിക്കുന്നതിനു വേണ്ടി പ്രസ്തുത മുഴുവൻ സ്വത്തും നബിﷺതിരുമേനി മുസ്‌ലിമീങ്ങൾക്ക് വീതിച്ചു നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു: **വമാ അഫാ അല്ലാഹു അലാ റസൂലിഹീ മിൻഹും ഫമാ ഔ ജഫ്ത്തും അലയ്ഹി മിൻ ഖയ്‌ലിൻ വലാ രികാബിൻ വ്വലാക്കിന്നല്ലാഹ യുസല്ലിത്വു റുസുലഹൂ അലാ മൻയ്യശാഉ വല്ലാഹു അലാ കുല്ലിശയ്ഇൻ ഖദീർ**(59:7)

അല്ലാഹു അവരിൽനിന്ന്(പിടിച്ചെടുത്ത്)തന്റെ ദൂതന് എന്തു മുതലുകൾ നല്കിയോ അതിനായി നിങ്ങൾ കുതിരകളേയോ ഒട്ടകങ്ങളേയോ ഓടിച്ചിട്ടില്ല. പക്ഷേ, അല്ലാഹു തന്റെ ദൂതന്മാരെ താനുദ്ദേശിക്കുന്നവരുടെമേൽ അധികാരികളാക്കുന്നു. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 7, പേജ് 189, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഇവിടെ അൻസ്വാറിന്റെ ആശ്ചര്യാവഹമായ, അസൂയാർഹമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃകയും കാണാൻ കഴിയുന്നുണ്ട്. നബിﷺതിരുമേനി 'ഫൈമാൽ' വീതം വെക്കുമ്പോൾ ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് ശുമാസിനോടു പറഞ്ഞു: എനിക്കു മുന്നിൽ നിങ്ങളുടെ ഗോത്രക്കാരെ മുഴുവനും കൊണ്ടുവരൂ. അദ്ദേഹം ചോദിച്ചു: യാ റസൂലല്ലാഹ്!ഖസ്റജ്? നബിﷺതിരുമേനി പറഞ്ഞു: എല്ലാ അൻസ്വാറിനേയും വിളിക്കൂ. അങ്ങനെ അദ്ദേഹം നബിﷺതിരുമേനിക്കു മുന്നിൽ ഔസ്, ഖസ്റജ് ഗോത്രക്കാരെ വിളിച്ചുകൂട്ടി. നബിﷺതിരുമേനി അല്ലാഹുവിന്റെ സ്തുതികീർത്തനത്തിനുശേഷം മുഹാജിരീങ്ങളോടു അൻസ്വാർ കാണിച്ച സൽപ്പെരുമാറ്റത്തെ പറ്റി പരാമർശിച്ചു കൊണ്ടു അതായത് അൻസ്വാർ മുഹാജിരീങ്ങളോടു കാണിച്ച സൽപ്പെരുമാറ്റത്തെ അനുസ്മരിച്ചശേഷം അൻസ്വാറിനോടു പറഞ്ഞു; ബനൂനളീറിൽ നിന്ന് ലഭ്യമായ ഫൈമാൽ നിങ്ങൾക്കും മുഹാജിരീങ്ങൾക്കുമിടയിൽ വിതരണം ചെയ്യണമെന്നാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ മുഹാജിരീങ്ങൾ നിങ്ങളുടെ വീടുകളിൽത്തന്നെ കഴിയുകയും നിങ്ങളുടെ സമ്പത്തിന്റെ ഉടമസ്ഥരായി തുടരുകയും ചെയ്യുന്നതാണ്. ഇനി നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ ഇത് മുഹാജിരീങ്ങളിൽ വിതരണം ചെയ്യുകയാണെങ്കിൽ അവർ നിങ്ങളുടെ വീടുകളിൽനിന്ന് ഒഴിഞ്ഞു പോകുന്നതായിരിക്കും. അതായത് പരസ്പരം ഭാഗിച്ചിട്ടുള്ള സ്വത്തുക്കളും അൻസാറിൽനിന്ന് മുഹാജിരീങ്ങൾ പ്രയോജനമെടുക്കുന്നതും അവസാനിക്കുന്നതുമായിരിക്കും. കാരണം അവർക്ക് സ്വന്തമായി സ്വത്ത് ഉണ്ടാകുന്നതായിരിക്കും. അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഹദ്റത്ത് സഅദ് ബിൻ മുആദും പറഞ്ഞു: ഞങ്ങളുടെ സമ്പത്ത് അവരുടെ പക്കലുള്ളത് അവർ വെച്ചുകൊള്ളട്ടെ. കൂടാതെ ബനൂനളീറിൽനിന്ന് കിട്ടിയ മുഴുവൻ സമ്പത്തും ഞങ്ങളുടെ മുഹാജിർ സഹോദരന്മാർക്കുതന്നെ വിതരണം ചെയ്താലും. ഞങ്ങൾ കൊടുത്തതും അവർ കൈവശംവെച്ചുകൊള്ളട്ടെ, മാത്രമല്ല ബനൂനളീറിൽനിന്ന് കിട്ടിയ ഫൈമാലും അവർക്ക് വിതരണം ചെയ്താലും. മുഹാജിരീൻ എല്ലാ ഭാഗത്തു നിന്നും റളീനാ വ സല്ലംനാ യാ റസൂലല്ലാഹ് അതായത് അല്ലയോ ദൈവദൂതരേ! ഞങ്ങൾ അതിൽ സന്തുഷ്ടരും അതംഗീകരിക്കുന്നവരുമാണെന്ന് പറയുന്ന ശബ്ദം കേൾക്കാനിടയായി.

നബിﷺതിരുമേനി ഈ ത്യാഗമനോഭാവം കണ്ടപ്പോൾ അതീവ സന്തുഷ്ടനായിക്കൊണ്ട് പറഞ്ഞു: **അല്ലാഹുമ്മർഹമിൽ അൻസാറ വ അബ്നാഅൽ അൻസ്വാരി** (അല്ലാഹുവേ, അൻസ്വാറിനും അവരുടെ സന്തതികൾക്കുംമേൽ നീ കരുണ ചൊരിയേണമേ!) നബിﷺതിരുമേനി ഭൂരിഭാഗം സമ്പത്തും മുഹാജിരീങ്ങൾക്കിടയിൽ വിതരണം ചെയ്തു.

അൻസ്വാറിലെ കഷ്ടപ്പാടുള്ള രണ്ടു സ്വഹാബാക്കളായ ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിനും ഹദ്റത്ത് അബൂദുജാനക്കും ഈ സമ്പത്തിൽനിന്ന് നൽകുകയുണ്ടായി. ഇബ്നു ഉയയ്ന വിവരിക്കുന്നു: ഞാൻ സുഹ്‌രി ഇങ്ങനെ പറയുന്നതായി കേട്ടു: നബിﷺതിരുമേനി അൻസ്വാറിൽപ്പെട്ട ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിനും ഹദ്റത്ത് അബൂദുജാനക്കും അല്ലാതെ മറ്റൊരു അൻസ്വാറിനും ഒരു പങ്കും നൽകിയില്ല. കാരണം അവരിരുവരും കഷ്ടപ്പാടുള്ളവരായിരുന്നു. അതുകൊണ്ടാണ് അവർക്ക് നൽകിയത്. നബിﷺതിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന് സല്ലാം ബിൻ അബൂഹുഖയ്ഖിന്റെ വാൾ നൽകുകയുണ്ടായി. ഈ വാളിന് വലിയ പ്രശസ്തിയുണ്ടായിരുന്നു.*(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 325, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)(അത്ത്വബഖാത്തുൽകുബ്റാലി ഇബ്നി സഅ്ദ് , വാള്യം 3, പേജ് 247, ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബെയ്റുത്ത്)*

നബിﷺതിരുമേനി ബാക്കി വന്ന സമ്പത്ത് ദരിദ്രരായ ആളുകൾക്കിടയിൽ വിതരണം ചെയ്തു. കുറച്ച് തന്റെ അതായത് നബിﷺതിരുമേനിയുടെ പരിശുദ്ധ സഹധർമിണിമാരുടെ ചെലവിലേക്ക് മാറ്റി വെച്ചു. ഒരു നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി ബനൂനളീറിന്റെ തോട്ടങ്ങളിൽ നിന്ന് ലഭിച്ച ധാന്യത്തിൽനിന്ന് തന്റെ സഹധർമിണിമാർക്കുള്ള ഒരു വർഷത്തേക്കുള്ള ചെലവ് നൽകുകയുണ്ടായി. അതായത് തന്റെ ഭാര്യമാർക്കുള്ള ചെലവ് നൽകുകയും ബാക്കി തുക ജിഹാദിനുള്ള തയ്യാറെടുപ്പിന് നൽകുകയും ചെയ്തു. ദരിദ്രർക്കും അശരണർക്കുമുള്ള സഹായവും ഈ സമ്പത്തിൽനിന്നാണ് ചെയ്തിരുന്നത്. ബനൂനളീറിന് 7 തോട്ടങ്ങളുണ്ടായിരുന്നു. അതിന്റെ മേൽനോട്ടത്തിന് സ്വതന്ത്രനാക്കപ്പെട്ട അടിമയായ ഹദ്റത്ത് അബൂറാഫിഅ്നെ നിയമിക്കുകയുണ്ടായി. അതായത് അദ്ദേഹമായിരുന്നു അവയുടെ മാനേജർ. ഈ തോട്ടങ്ങളുടെ പേര് ഇപ്രകാരമാകുന്നു: മീഥബ്, സ്വാഫിയ, ദലാൽ, ഹുസ്നാ, ബുർഖഃ, അഅ്‌വാഫ്, മശ്‌റബ, ഉമ്മു ഇബ്റാഹീം. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 7, പേജ് 191, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഏതായാലും ഇവിടെ ബനൂനളീർ ഗസ്വ അതായത് യുദ്ധം അവസാനിക്കുകയാണ്. ഇനി ഇൻശാ അല്ലാഹ് മറ്റു ഗസവത്തുകളെ കുറിച്ച് പരാമർശിക്കുന്നതാണ്.

പാക്കിസ്താനിലെ അഹ്‌മദികൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അവിടെയുള്ള അവസ്ഥകൾ നന്നാകാൻവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അവിടുത്തെ പൊതുവായിട്ടുള്ള സമാധാനാവസ്ഥയും നന്നാക്കുമാറാകട്ടെ. അഹ്‌മദികളെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ലോകത്ത് മുസ്‌ലിമീങ്ങളുടെ പൊതുവായ അവസ്ഥയ്ക്കുവേണ്ടിയും ദുആ ചെയ്യുക. ഇവർക്കും കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ അന്തസ്സും ആഭിജാത്യവും വീണ്ടെടുക്കാൻ കഴിയുമാറാകട്ടെ. ലോകത്ത് പൊതുവെ യുദ്ധസമാനമായ സാഹചര്യമുണ്ടാകുന്നു. അക്കാര്യത്തിലും ദുആ ചെയ്യുക. ഈ യുദ്ധമെന്തായാലും ഉണ്ടാകുമെന്ന നിലയിലേക്കാണ് പോകുന്നത്. അല്ലാഹു എല്ലാ അഹ്‌മദികളേയും എല്ലാ നിരപരാധികളേയും സകല ദ്രോഹത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)


**• ഹദീഥുന്നബ്‌വിﷺ •**

**"അദ്ദാലു അലൽഖയ്‌രി കഫായിലിഹീ."**
**നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ഡിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി."**
**വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

പേജ് 1 ൽ നിന്ന്

ട്ടുകൊണ്ടുപോകുന്നു;അല്ലാഹുവിന്റെ എല്ലാ കൽപ്പനകളുമനുസരിച്ചുള്ള കർമം അവന്റെ ഭക്ഷണമായിത്തീരുന്നു. മലക്കുകൾ **യഫ്അലൂന മായുഅ്മറൂൻ** എന്നതിന്റെ പ്രതീകങ്ങളായിത്തീരുന്നതുപോലെ. അതേപ്രകാരം ഇത്തരം മനുഷ്യരും അല്ലാഹുവിന്റെ സകല കല്പനകളും നിറവേറ്റുന്നു. അവനിലൊരിക്കലും അശ്രദ്ധയുടെ ഉറക്കം വരികയില്ല. അത്തരക്കാരെ സംബന്ധിച്ചാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ പറയുന്നത്: **വൽമലാഇക്കത്തു യദ്ഖുലൂന അലയ്ഹിം മിൻകുല്ലി ബാബ്– സലാമുൻ അലയ്ക്കും ബിമാ സ്വബർത്തും ഫനിഅ്മ ഉഖ്ബദ്ദാരി**(13:24 - 25)മലക്കുകൾ എല്ലാ വാതിലുകളിലൂടേയും അവരുടെ അടുക്കൽ പ്രവേശിക്കും. (അവർ ആശംസകളർപ്പിച്ചുകൊണ്ടു പറയും) നിങ്ങൾ സ്ഥിരതകൈക്കൊണ്ട കാരണത്താൽ നിങ്ങൾക്കു സമാധാനം. അപ്പോൾ അന്തിമഗൃഹം എത്രമാത്രം വിശിഷ്ടം! കാരണം ഈ ആളുകൾ മലക്കുകളുടെ സ്വിഫത്തുകൾ ഉൾക്കൊള്ളുന്നവരായിരിക്കും. അതുകൊണ്ടു അവരെ കണ്ടയുടനെ മലക്കുകൾ അവരിലേക്ക് ഓടിച്ചെല്ലുന്നതായിരിക്കും. അല്ലാഹുവിന്റെ സാമീപ്യത്തിന്റേയും അവന്റെ സമ്മാനം കരസ്ഥമാക്കുന്നതിന്റേയും സുവിശേഷം നല്കുന്നതായിരിക്കും. എന്നാൽ, മലക്കുകൾ തങ്ങളുടെ ആധിക്യം കാരണത്താൽ ഒരു വാതിലിലൂടെ പ്രവേശിക്കുന്നതിനുപകരം ഒരുപാടുവാതിലുകളിലൂടെ പ്രവേശിക്കുമെന്നല്ലെന്നുള്ളത് ഓർമവെക്കേണ്ടതാണ്. അതിന്റെ യഥാർഥ അർഥം എല്ലാ വാതിലുകളുടെയും മലക്ക് അവരുടെ അടുത്തുവരികയും 'നിങ്ങൾ ഈ പരിശ്രമത്തിൽ വിജയംവരിച്ചിരിക്കുന്നു' എന്ന് പറഞ്ഞ് അവർക്ക് അനുഗ്രഹാശംസകൾ നേരുകയും ചെയ്യുമെന്നാണ്. ഇതിൽ ഞാനും നിങ്ങളും ചേർന്നുകൊണ്ട് ശയ്ത്വാനെ നേരിടുകയായിരുന്നു. കാരണം തിന്മ മനുഷ്യമനസ്സിൽ പല വഴികളിലൂടെയാണ് പ്രവേശിക്കുന്നത്. ചിലപ്പോൾ കണ്ണുകളിലൂടെ തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ചിലപ്പോൾ കാതുകളിലൂടെ തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ചിലപ്പോൾ സ്പർശിക്കുന്നതിലൂടേയും രുചിക്കുന്നതിലൂടേയും തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നു. എന്നാൽ, എല്ലാ വഴിയുടേയും സംരക്ഷണത്തിനുവേണ്ടി അല്ലാഹുവിന്റെ മലക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മനുഷ്യൻ ശയ്ത്വാനിൽനിന്ന് വിജയം കരസ്ഥമാക്കുമ്പോൾ എല്ലാ കവാടങ്ങളിലേയും മലക്ക് അയാൾക്ക് മുബാറക് ബാദ് പറയുന്നതിന് വരുന്നതായിരിക്കും." *(തഫ്സീറെ കബീർ വാള്യം 6, പേജ് 146 - 147, പ്രസാധനം: ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

നിങ്ങൾക്ക് ലഭിക്കുകയില്ല. ചില അനഹ്മദി സഹോദരങ്ങളുടെ ഉദാഹരണങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

ഹാഫിള് അബ്ദുൽ വഹീദ് സാഹിബ് എഡിറ്റോറിയൽ എഴുതിക്കൊണ്ട് പറയുന്നു: 'ഓരോ ഖാദിയാനിയും തന്റെ വരുമാനത്തിന്റെ പത്തിലൊരു ഭാഗം മാസന്തോറും തന്റെ മതത്തിന്റെ പ്രചാരണത്തിനായി സ്വതാല്പര്യപ്രകാരം ചെലവഴിക്കുന്നു. അത്യാവശ്യ ഘട്ടത്തിൽ അത് കൂടാതെയും നൽകുന്നു. ഈ വിധ ഫണ്ടുകൾ മുഖേന 24 മണിക്കൂറും പ്രവർത്തിക്കുന്ന ടി.വി, റേഡിയോ സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. അതിലൂടെ ഖാദിയാനിസം പ്രചരിപ്പിക്കുന്നു.' *(എഡിറ്റോറിയൽ അൽ ഇഅ്ത്തിസാം, ഫെബ്രുവരി 11, 2000)*

അബ്ദുർറഹീം അശ്റഫ് സാഹിബ് എഴുതുന്നു: 'ചില പുറം രാജ്യങ്ങളിലെ ജമാഅത്തുകളും വ്യക്തികളും കോടിക്കണക്കിന് രൂപ വിലയുള്ള സ്വത്തുക്കൾ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ റബ്വയുടെയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെയും പേരിൽ വഖ്ഫ് ചെയ്ത് വെച്ചിരിക്കുകയാണ്.' *(അൽമുനീർ വീക്കിലി, മാർച്ച് 2, 1956)*

മൗലവി മൻസ്വൂർ ചീനോട്ടി സാഹിബ് ഒരു ഇന്റർവ്യൂവിൽ ഇപ്രകാരം പറയുന്നു: 'ഓരോ ഖാദിയാനിയും തന്റെ വരുമാനത്തിന്റെ പത്തിലൊരു ഭാഗം ഖാദിയാനീ ജമാഅത്തിന്റെ പ്രചാരണത്തിനായി നൽകുന്നു. ആയിരക്കണക്കിന് വ്യക്തികൾ അവരുടെ സ്വത്തിന്റെ പത്തിലൊരു ഭാഗം വസിയ്യത്ത് ചെയ്തുവെച്ചിരിക്കുകയാണ്. അഞ്ച് ലക്ഷം രൂപ മണിക്കൂറിന് വാടക നൽകിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടിവി. ചാനൽ അവർക്കുണ്ട്. നമ്മുടെയടുക്കൽ അത്രത്തോളം മാർഗങ്ങളൊന്നുമില്ല.' *(വുജൂദ് വീക്കിലി കറാച്ചി, 28 നവംബർ 2000)*

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹമാണ് അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ഇങ്ങനെ ആളുകളെ നൽകിയിരിക്കുന്നുവെന്നുള്ളത്. അവർ ദീനിനുവേണ്ടി ചെലവഴിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യമായി കരുതിക്കൊണ്ടാണ്. അല്ലാതെ ജമാഅത്തിനുമേൽ ഔദാര്യം ചെയ്യുന്നുവെന്ന് കരുതിക്കൊണ്ടല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ത്യാഗങ്ങൾ മുഖേന ഇസ്ലാമിന്റെ അധ്യാപനങ്ങൾ ലോകത്തിന്റെ കോണുകളോളം എത്തിക്കൊണ്ടിരിക്കുന്നു. 213 രാജ്യങ്ങളിൽ ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി എന്ന പതാക നാട്ടിക്കഴിഞ്ഞിരിക്കുന്നു.

**ജിഹാദുബിസ്സയ്ഫ്:**

ജിഹാദിന്റെ നാലാമത്തെ വിഭാഗമായ ജിഹാദുബിസ്സയ്ഫ് അഥവാ വാളുകൊണ്ടുള്ള ജിഹാദിന് ജിഹാദെ അസ്ഗർ എന്ന് പറയുന്നു. മതപരമായ കാരണം കൊണ്ട് മാത്രം മുസ്ലിമീങ്ങളെ ഇല്ലായ്മ ചെയ്യാനായി ശത്രുക്കൾ യുദ്ധം ചെയ്യുമ്പോൾ ചെയ്യുന്ന ജിഹാദിനാണ് ജിഹാദ് ബിസ്സയ്ഫ് എന്ന് പറയുന്നത്. റസൂലുല്ലാഹി ﷺ ഇതിനെ ജിഹാദെ അസ്ഗർ എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു ഖുർആനിൽ പറയുന്നു.

**ഉദിന ലില്ലദീന യുഖാത്തലൂന ബിഅന്നഹും ള്വുലിമൂ വഇന്നല്ലാഹ അലാ നസ്വ്രിഹിം ലഖദീർ. അല്ലദീന ഉഖ്രിജൂ മിൻ ദിയാരിഹിം ബി ഗയ്രി ഹഖ്ഖിൻ ഇല്ലാ അൻയ്യഖൂലൂ റബ്ബുനല്ലാഹു വലൗലാ ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബിബഅ്ളിൻ ല്ലഹുദ്ദിമത്ത് സ്വവാമിഉ വ ബിയഉൻ വ്വ സ്വലവാത്തുൻ വ്വ മസാജിദു യുദ്കറു ഫീ ഹസ്മുല്ലാഹി കഥീറാ വലയൻസ്വുറന്നല്ലാഹു മൻയ്യൻസ്വുറുഹു ഇന്നല്ലാഹ ല ഖവിയ്യുൻ അസീസ്** (22:40,41) യുദ്ധം ചെയ്യുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു) എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു.

ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം അധികമായി സ്മരിക്കപ്പെടുന്ന മസ്ജിദുകളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.

ഇസ്ലാം സമാധാനപ്രിയമതമാകുന്നു. അത് കൈയേറ്റത്തേയും അക്രമത്തേയും അനുവദിക്കുന്നില്ല. പ്രതിരോധത്തിന് മാത്രമാണ് അനുവാദം നൽകിയത്. ഇതൊരു യാഥാർഥ്യമാണ്. മുസ്ലിമീങ്ങൾ ഒരിക്കലും യുദ്ധത്തിന് തുടക്കമിട്ടിട്ടില്ല. പ്രതിരോധയുദ്ധത്തിനും ചില ശർത്തുകൾ പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

മൗലാന സഫ്ർ അലിഖാൻ സാഹിബ് പറയുന്നത് ഇമാറത്തും, ഇസ്ലാമിക നിള്വാമും ശത്രുക്കളുടെ മുന്നാക്രമണവും ഉണ്ടാകുമ്പോഴാണ് പ്രതിരോധയുദ്ധമെന്നാണ്. *(സമീൻദാർ 14 ജൂൺ 1934)*

മൗലവി നദീർ ഹുസയ്ൻ പറയുന്നു: 'ജിഹാദിന് പല ശർത്തുകളുമുണ്ട്. ഏതുവരെ ആ കാര്യങ്ങൾ ഉണ്ടാകുന്നില്ലയോ ജിഹാദ് അനുവദനീയമാകില്ല.' (ഫതാവ നദീരിയ വാള്യം 3, പേജ് 282).

പണ്ഡിതന്മാരുടെ മേലുദ്ധരിച്ച വാക്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് ജിഹാദ് ബിസ്സയ്ഫിന് അഞ്ച് ശർത്തുകളുണ്ടെന്നാണ്. അതാ

**• ഹദീഥുന്നബ്വി ﷺ •**

**"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'**

**ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്വി ﷺ •**

**"സിൻ വർജിഹ്."**

**അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.**

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

യത് 1. ഇമാമുണ്ടായിരിക്കണം 2. ഇസ്‌ലാമീ വ്യവസ്ഥയിലുള്ള ഭരണം 3. പ്രതിരോധത്തിനാവശ്യമായ ആയുധങ്ങൾ 4. രാജ്യമോ ചില ഭാഗങ്ങളോ തങ്ങളുടേതായി ഉണ്ടാവുക 5. ശത്രുക്കൾ യുദ്ധം തുടങ്ങിവെക്കണം.

എന്നാൽ, ഇന്ന് കാണുന്ന അക്രമങ്ങൾക്ക് യഥാർഥ ജിഹാദുമായി ഒരുവിധ ബന്ധവുമില്ല. അതാണ് അവർ പരാജയമടയുകയും വിജയം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണം. ഖുർആനിൽ പറഞ്ഞിരിക്കുന്ന ജിഹാദിൽ അല്ലാഹു വിജയവും പറഞ്ഞിട്ടുണ്ട്.

ഇവിടേയും നാം ചിന്തിക്കുകയും മനസ്സിലാക്കുകയും വേണം. ഇസ്‌ലാം ഒരു സമാധാനപ്രിയമായ മതമായിട്ട് ജിഹാദ് എന്ന തെറ്റായ അധ്യാപനം എങ്ങനെ കടന്നുകൂടി. ഇതും ഇസ്‌ലാമിന്റെ ശത്രുക്കളുടെ സംഭാവനയാണ്. ഇസ്‌ലാം പുരോഗതി പ്രാപിക്കുന്നതായി കാണുകയും അതിനെ തടയാൻ സാധ്യമല്ലായെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ മുസ്‌ലിമീങ്ങളോട് ചേരുകയും അങ്ങനെ അകത്തുനിന്നുകൊണ്ട് തെറ്റായ സിദ്ധാന്തങ്ങൾ പഠിപ്പിക്കുകയും ചെയ്തു. ഈ തെറ്റായ വിശ്വാസങ്ങളെ ദൂരീകരിക്കാനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് മസീഹും മഹ്ദിയുമായി അവതരിച്ചത്. അദ്ദേഹം ജിഹാദിന്റെ യഥാർഥ വശം മുസ്‌ലിമീങ്ങളുടെ മുമ്പിൽ സമർപിച്ചുകൊണ്ട് ഇക്കാലത്ത് ഈ ജിഹാദ് ഹറാമാണെന്ന് പറയുകയും യഥാർഥ ജിഹാദിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇതും അദ്ദേഹത്തിന്റെ സ്വന്തം താൽപര്യത്തിൽ ചെയ്തതല്ല. നബിﷺതിരുമേനിയുടെ പ്രവചനമുണ്ട്. വരാനിരിക്കുന്ന മഹ്ദി 'യളഉൽ ഹർബ്' ചെയ്യുന്നതായിരിക്കും. (അതായത് യുദ്ധം നിറുത്തലാക്കും) *(ബുഖാരി കിതാബുൽ അമ്പിയാഅ്. ബാബ് നുസൂലുഈസബ്നു മർയം)*

ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് ഖാദിയാനിയുടെ വാദം മഹ്ദിയാണെന്നുള്ളതാണ്. അങ്ങ് പറയുന്നു: 'അല്ലയോ സുഹൃത്തുക്കളേ, 'ജിഹാദെന്ന ചിന്ത നിങ്ങൾ ഉപേക്ഷിക്കുക. ദീനിന് വേണ്ടിയുള്ള യുദ്ധം ഇന്ന ഹറാമാകുന്നു.' യളഉൽ ഹർബ് എന്ന് പറഞ്ഞതിനെ എന്തുകൊണ്ട് നിങ്ങൾ മറക്കുന്നു. ഇത് ബുഖാരിയിൽ ഉള്ളതല്ലേ- അതൊന്ന് തുറന്നുനോക്കൂ.' *(റൂഹാനീഖസാഇൻ, വാള്യം 17, പേജ് 77-78)*

അങ്ങ് വീണ്ടും പറഞ്ഞു: 'ഇക്കാലത്ത് ഈ രാജ്യത്ത് ജിഹാദിന്റെ ശർത്തുകൾ നിലനിൽക്കുന്നില്ലായെന്നും സമാധാനാന്തരീക്ഷത്തിൽ ജിഹാദ് അനുവദനീയമല്ലായെന്നതും ഓർത്തിരിക്കേണ്ടതാണ്.' *(റൂഹാനീഖസാഇൻ, വാള്യം 17, തുഹ്ഫയെ ഗോൽഡവീയ, പേജ് 82)*

ജിഹാദിനെ ഇക്കാലത്ത് ഹറാമാണ് എന്ന് മിർസാ ഗുലാം അഹ്‌മദ് ഖാദിയാനി പറയുമ്പോൾ ശർത്തുകൾ പൂർത്തീരിക്കുന്ന പക്ഷം ജിഹാദുണ്ടാകുമെന്നും ശത്രുക്കൾ ഏതുരീതിയിൽ നമുക്കെതിരിൽ തയ്യാറെടുക്കുന്നുവോ നാമ്മളും അതേരീതിയിൽ തയ്യാറെടുക്കേണ്ടതാണെന്നും ഓർമിപ്പിക്കുകും ചെയ്യുന്നുണ്ട്. *(റൂഹാനീഖസാഇൻ, വാള്യം 14, ഹഖീഖത്തുൽ മഹ്ദി, പേജ് 454)*

ചുരുക്കത്തിൽ ഖുർആനിക അധ്യാപനമനുസരിച്ച് മനുഷ്യൻ സ്വന്തം നഫ്സിനോട് ചെയ്യുന്ന ജിഹാദാണ് ഒന്നാമതായിട്ടുള്ളത്. സ്വയം പാപങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷനേടുകയും നന്മകളും സൽപ്രവൃത്തികളും മുഖേന ആത്മീയതയിൽ പുരോഗതിപ്രാപിക്കുകയും ചെയ്യുകയെന്നതാണ്. അതിനുശേഷം രണ്ടാം സ്ഥാനത്തുള്ള ജിഹാദിനുള്ള കല്പനയാണ്. അതായത് ഖുർആനിക അധ്യാപനങ്ങളെ മറ്റുള്ളവരിലേക്ക് എത്തിക്കുകയെന്നതാണത്. സ്നേഹത്തോടെ തെളിവുകൾ മുഖേന ജീവിതമാതൃകയോടെ അതിനെ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. ജിഹാദിന്റെ മൂന്നാമത്തെ വിഭാഗമായ ഏറ്റവും ചെറിയ ജിഹാദെന്ന് പറയപ്പെട്ട ജിഹാദ്-റബ്ബുനല്ലാഹ് എന്ന് പറയുന്ന കാരണത്താൽ അക്രമിക്കപ്പെടുന്നവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങനെയുള്ള അവസരത്തിൽ അവർ യുദ്ധം ചെയ്യുമ്പോൾ അല്ലാഹു അവരെ സഹായിക്കുന്നതുമാണ്. ജിഹാദിന്റെ നാലാമത്തെ വിഭാഗം സാമ്പത്തികത്യാഗമാണ്. അതായത് മറ്റാവശ്യത്തിന് തന്റെ ധനം ചെലവഴിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക.

ഇന്ന് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് ജിഹാദിന്റെ ഈ എല്ലാ മേഖലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. മറ്റു മുസ്‌ലിം പ്രസ്ഥാനങ്ങൾക്കൊന്നും അതിന്റെ അരികിൽപോലും എത്താൻ സാധ്യമല്ല. അല്ലാഹു അഹ്‌മദിയ്യാ ജമാഅത്തിന് ജിഹാദിന്റെ സർവ്വ മൈതാനങ്ങളിലും പൂർവ്വോപരി വിജയം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

# ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ സിംഗപ്പൂർ-ഓസ്ട്രേലിയ സന്ദർശനം സെപ്റ്റംബർ 2013

## 2013 ഒക്ടോബർ 02, ബുധനാഴ്ച (തുടർച്ച)

### കൂടിക്കാഴ്ചകൾ

അതിനുശേഷം കുടുംബപരമായ കൂടിക്കാഴ്ചകൾക്ക് ഹുദൂർ തുടക്കമിട്ടു. ഇന്ന് രാവിലത്തെ സെഷനിൽ സിഡ്നി പ്രദേശത്തുള്ള മൌണ്ട് ഡ്രൂട്ട് ജമാഅത്തിലെ 36 കുടുംബങ്ങളിൽനിന്നുള്ള 180 പേർ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഫോട്ടോ എടുക്കാനും ഭാഗ്യം തുണച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി.

01.30 വരെ കൂടിക്കാഴ്ചകൾ തുടർന്നു. അതുകഴിഞ്ഞ് മസ്ജിദ് ബയ്ത്തുല് ഹുദായിൽ ളുഹ്ർ- അസ്ർ നമസ്കാരങ്ങൾ ജംഅ്-ജമാഅത്തായി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്ത് മടങ്ങിയെത്തിയ ഹുദൂർ വൈകുന്നേരംവരെ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി.

### കൂടിക്കാഴ്ചകൾ

06.30-ന് ഹുദൂർ ഓഫീസിൽ വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾക്ക് തുടക്കമിട്ടു. ഇന്നത്തെ സായാഹ്ന കൂടിക്കാഴ്ചാ പ്രോഗ്രാമിൽ സിഡ്നിയിൽനിന്നുള്ള 47 കുടുംബക്കാരിൽപ്പെട്ട 232 ആളുകൾ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സന്തോഷിച്ചു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും പ്രിയപ്പെട്ട ഹുദൂറിൽനിന്ന് ഉപഹാരങ്ങൾ കരസ്ഥമാക്കാനും കഴിഞ്ഞു.

കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 08.40-വരെ തുടർന്നു. അതിനുശേഷം മസ്ജിദ് ഹാദിയിൽ മഗ്രിബ്- ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### ഓസ്ട്രേലിയ

ഒരു ഭൂഖണ്ഡം മുഴുവനും വ്യാപിച്ചു കിടക്കുന്ന ഏകരാജ്യമാണ് ഓസ്ട്രേലിയ. ലോകത്തെ ഏറ്റവും വലിയ ദ്വീപും ഏറ്റവും ചെറിയ ഭൂഖണ്ഡവുമാണ്. ഈ രാജ്യത്തിന്റെ മൂന്നിലൊരു ഭാഗം മരുഭൂമിയാണ്. ഈ രാജ്യത്തിന്റെ ജനസംഖ്യ 19 മില്യണിൽ കൂടുതലാണ്. ജനസംഖ്യയുടെ 50 ശതമാനം ഭാഗം സമുദ്രവുമായി ബന്ധപ്പെട്ടാണ് ജീവിതം കഴിക്കുന്നത്.

ഓസ്ട്രേലിയയുടെ വിസ്തൃതി ഏകദേശം 4000 കിലോമീറ്ററാണ്. തെക്ക് വടക്കായി 3700 കിലോമീറ്റർ നീളമുണ്ട്. ഈ രാജ്യത്തിന്റെ ആകെ വിസ്തൃതി 7659861 ചതുരശ്ര കിലോമീറ്ററാണ്. കാൻപറയാണ് തലസ്ഥാനം.

ഇവിടുത്തെ ആദിമകാല ജനത അബോറിജിനുകൾ എന്ന് അറിയപ്പെടുന്നു. 60000 വർഷങ്ങളായി ഇവർ ഇവിടെ വസിച്ചു വരുന്നു. 600-ൽ അധികം ഗോത്രങ്ങളായി ഇവർ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവരുടെ ആകെ ജനസംഖ്യ ഏകദേശം 300000 ആണ്.

ഓസ്ട്രേലിയായിൽ അഹ്‌മദിയ്യത്തിന്റെ തുടക്കം 1903-ലായിരുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺന്റെ ഒരു വന്ദ്യ ശിഷ്യനായ ഹദ്റത്ത് ഹസൻ മൂസാ ഖാൻ സാഹിബ്ؓമുഖേനയാണ് ഈ അനുഗൃഹീത കർമം നടന്നത്. അഫ്ഘാനിസ്ഥാൻ ഗോത്ര സമൂഹമായ തരീൻ വംശജനായ അദ്ദേഹം 1901-ൽ ഓസ്ട്രേലിയായിൽ താമസമായി. 1903-ൽ ഹദ്റത്ത് വാഗ്ദത്ത മസീഹിന് ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചു. 1903 സെപ്റ്റംബർ 4-ന് ആ വന്ദ്യവ്യക്തി വാഗ്ദത്ത മസീഹിന്റെ തിരുസമക്ഷത്തിൽ ബയ്അത്ത് ചെയ്ത് കത്തയച്ചു. ബയ്അത്ത് സ്വീകരിച്ചു കൊണ്ടുള്ള വാഗ്ദത്ത മസീഹ്ﷺന്റെ മറുപടിക്കത്ത് 1903 ഒക്ടോബർ 03-ന് അദ്ദേഹത്തിന് ലഭിച്ചു. ഈ മറുപടിക്കത്ത് ഹദ്റത്ത് അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിؓയാണ് അയച്ചത്. തദ്വാര ഓസ്ട്രേലിയയിലേക്ക് വാഗ്ദത്ത മസീഹ്ﷺന്റെ ഭാഗത്ത് നിന്നുമുള്ള പ്രഥമ കത്ത് ഹദ്റത്ത് ഹസൻ മൂസാ ഖാൻ സാഹിബ് ؓന്റെ നാമത്തിൽ സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചു.

ഇന്ത്യക്ക് പുറത്ത് വസിയ്യത്ത് പദ്ധതിയിൽചേരാൻ ആദ്യമായി ആ മഹാനുഭാവന് ഭാഗ്യം ലഭിച്ചു. 1905 ഡിസംബർ 20-ന് ഹദ്റത്ത് വാഗ്ദത്ത മസീഹ് ﷺ അൽവസിയ്യത്ത് ഗ്രന്ഥം

പ്രസിദ്ധീകരിച്ചു. 1906 മാർച്ച് 13-നുള്ളിൽ 3 മാസത്തെ കുറഞ്ഞ കാലയളവിൽത്തന്നെ ഈ ദൈവിക സംവിധാനത്തിന്റെ ഭാഗമാകാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.

ഓസ്ട്രേലിയായിലെ വിവിധ പട്ടണങ്ങൾ സന്ദർശിച്ച് അദ്ദേഹം അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്ന ദൗത്യം വളരെ ഭംഗിയായി അദ്ദേഹം നിർവഹിച്ചു. ദ മുസ്ലിം 'സൺ ഷൈൻ' എന്ന പേരില് 1921-ൽ ഹൃദയസ്പൃക്കും പ്രയോജനദായകവുമായ ഒരു മാസിക ആ മഹാനുഭാവൻ പ്രസിദ്ധീകരിക്കാൻ തുടങ്ങി.

ഫാരിസി അഥവാ പേർഷ്യൻ ഭാഷയിൽ അദ്ദേഹത്തിന് ഇൽഹാമും ലഭിച്ചു:

**'ഖുശ് ബാശ് കെ ആഖിബത്ത് ന കൊ ഖാഹിദ് ശുദ്.'**

(ഒടുവിൽ നല്ലൊരു രാത്രി ഉറക്കം ലഭിച്ചതിൽ സന്തോഷിക്കുക.)

അഹ്മദിയ്യത്തിനുവേണ്ടിയുള്ള ദൗത്യം ഓസ്ട്രേലിയായിൽ തുടരുന്നതിന്നിടയിൽ അദ്ദേഹം 1912 ആഗസ്റ്റിലും തുടർന്ന് 1913 ലും ഖാദിയാൻ സന്ദർശിച്ചു. 1914 ഫെബ്രുവരിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓന്റെ കൽപ്പന പ്രകാരം അദ്ദേഹം വീണ്ടും ഓസ്ട്രേലിയയിലേക്ക് മടങ്ങി. മരണംവരെ അവിടെത്തന്നെ താമസിച്ചു. 1945 ആഗസ്റ്റ് 18-ന് 82-ാം വയസ്സിൽ അദ്ദേഹം ഓസ്ട്രേലിയായിൽ ത്തന്നെ സ്വർഗ പ്രാപ്തനായി. ഓസ്ട്രേലിയാ പട്ടണമായ പെർത്തിലെ കർറാക്കാട്ട ഖബ്ർസ്ഥാനിൽ ഖബറടക്കപ്പെട്ടു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓസ്ട്രേലിയായിലെ 8 വിവിധ പട്ടണങ്ങളിൽ ഊർജ്ജസ്വലവും സുശക്തവുമായ ജമാഅത്തുകൾ ഇപ്പോൾ സ്ഥാപിതമാണ്. സിഡ്നിയിൽ സ്ഥിതി ചെയ്യുന്ന മസ്ജിദുൾപ്പെടുന്ന ജമാഅത്തിന്റെ കേന്ദ്ര സെന്ററിന്റെ വിസ്തൃതി 28 ഏക്കറാണ്. അഡേലയ്ഡ്, ബ്രിസ്ബയ്ൻ, മെൽബൺ എന്നീ മറ്റു പട്ടണങ്ങളിൽ പ്രവിശാലമായ മിഷൻ ഹൗസുകളും ജമാഅത്ത് സെന്ററുകളും സ്ഥലവുമുണ്ട്.

ഓസ്ട്രേലിയായിലെ രണ്ടാമത്തെ മസ്ജിദ് ബ്രിസ്ബൈനിലാണ് ജമാഅത്ത് പണികഴിപ്പിച്ചത്. ഇതിന്റെ ഉദ്ഘാടനം ഈ സന്ദർശന വേളയിൽ ഹുദൂർ അയ്യദഹുല്ലാഹ് നിർവഹിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് പുരോഗതിയുടെ രംഗത്ത് വളരെയധികം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അൽഹംദു ലില്ലാഹ്.

**2013 ഒക്ടോബർ 03 വ്യാഴാഴ്ച**

രാവിലെ 04.30-ന് മസ്ജിദ് ബയ്ത്തുൽഹാദിയിൽ സ്വുബ്ഹി നമസ്കാരത്തിന് ഹുദൂർ നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്ത് മടങ്ങിയെത്തിയ ഹുദൂർ ലണ്ടൻ മർക്കസിൽനിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നും ഫാക്സ് മുഖേനയും മറ്റും നിത്യവും ലഭിക്കുന്ന കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. അനുഗൃഹീത കൈകളാൽ മാർഗനിർദേശങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. വിവിധ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ ഉച്ചവരെ മുഴുകി.

01.30-ന് മസ്ജിദ് ബയ്ത്തുൽ ഹുദായിൽ ളുഹ്ർ-അസ്ർ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തെത്തി.

**ജൽസാ സാലാന ഓസ്ട്രേലിയ; പ്രവർത്തനങ്ങൾ ഹുദൂർ പരിശോധിക്കുന്നു**

വൈകുന്നേരം 05.10-ന് ഹുദൂർ ജൽസയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ആദ്യമായി ഹുദൂർ ഭക്ഷണവിഭാഗമായ ലങ്കർഖാന സന്ദർശിച്ചു. ഭക്ഷണ പാചക സംവിധാനങ്ങൾ നോക്കിക്കണ്ടു. ഉരുളൻകിഴങ്ങ് മാംസം എന്നതിന്റെ കറി പ്രവർത്തകർ പാചകം ചെയ്തിരുന്നു. ഹുദൂർ അതിന്റെ നിലവാരം പരിശോധിച്ചു. നല്ല ഭാഗത്തിൽ ഇത് രണ്ടും വെന്തിട്ടുണ്ടോ എന്ന് നോക്കി. ഭക്ഷണ നിലവാരം മികച്ചതായിരുന്നു.

പ്രവർത്തകർ ഒരു കേക്കും തയ്യാർ ചെയ്തിരുന്നു. ഹുദൂർ അൻവർ അത് കഷണങ്ങളായി മുറിച്ച് ഒരു പ്രവർത്തകന് ഒരു കഷണം നല്കി. ശേഷം ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്ന സ്റ്റോറുകളും നോക്കിക്കണ്ടു. അതിൽ അരി, പരിപ്പു വർഗ്ഗങ്ങൾ, എണ്ണ, ഉള്ളി, ഉരുളൻകിഴങ്ങ് തുടങ്ങി വിവിധ ഭക്ഷണ വസ്തുക്കളായിരുന്നു. ശേഷം ഹുദൂർ ലജ്നയുടെ ഭാഗത്ത് പോയി. അവരുടെ വിവിധ വിഭാഗങ്ങൾ ചുറ്റിക്കണ്ടു. വിവിധ കാര്യങ്ങളെ കുറിച്ച് അന്വേഷിച്ചു. ഒപ്പം മാർഗനിർദ്ദേശങ്ങളും നല്കി. ശേഷം ഖുദ്ദാം, അൻസാര് സ്റ്റാളുകൾ സന്ദർശിച്ചു. ഇവിടെ വിവിധ വസ്തുക്കൾ വിൽപ്പനക്ക് വെക്കപ്പെട്ടിരുന്നു.

എം.ടി.എ വിഭാഗം വിപുലമായ നിലയിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചിരുന്നു. ഇതു നോക്കി ക്കാണുന്നതിനിടയിൽ ഹുദൂർ പറഞ്ഞു: എം.ടി.എയുടെ പ്രവർത്തന മേഖല പ്രദർശനമല്ല. അതിനുവേണ്ടി പ്രത്യേക വിഭാഗം സ്ഥാപിതമാണ്. കേന്ദ്രത്തിൽ ഫോട്ടോ ശേഖര വിഭാഗം സ്ഥാപിതമാണ്. ജൽസാ വേളയിൽ അവർ എക്സിബിഷൻ സംഘടിപ്പിക്കുന്നു. ഹുദൂർ അൻവർ പറഞ്ഞു:മർക്കസ് ചെയ്യുന്നതിനെ നിങ്ങളും പിന്തുടരുക. ഫോട്ടോ ശേഖരവിഭാഗം പ്രദർശനം സംഘടിപ്പിക്കുക. ചിത്രങ്ങളിൽ ക്രമവും മുന്നിൽ വെക്കേണ്ടതാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ കാലഘട്ടം മുതൽ തുടങ്ങി ഘട്ടം ഘട്ടമായി ഇക്കാലഘട്ടത്തിൽകൊണ്ടു വരിക.

ശുഹദാഇന്റെ ഫോട്ടോകളും പ്രദർശിപ്പിക്കേണ്ടിയിരുന്നു. വിശുദ്ധ ഖുർആനിന്റെ തർജമകൾ, ഇതര ഗ്രന്ഥങ്ങളും സാഹിത്യങ്ങളും അടങ്ങിയ അറുപതോളം സാഹിത്യങ്ങൾ പ്രദർശനത്തിന് വെച്ചിരുന്നു.

ഹുദൂർഅൻവർ: ഇതുവരെ 72 ഭാഷകളിൽ വിശുദ്ധ ഖുർആൻ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ബാക്കി 12 എണ്ണം കൂടി വരുത്തുക. സീറത്ത് ഖാത്തമുന്നബിയ്യീൻﷺ (തിരുനബി ചരിത്രം) എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമ രണ്ടാം ഭാഗവും ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതും വരുത്തുക.

ഖാദിയാനിൽ നിന്ന് പുതുതായി പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളും വരുത്തണമെന്ന് ഹുദൂർ നിർദ്ദേശിച്ചു. ശേഷം രജിസ്ട്രേഷൻ, സെക്യൂരിറ്റി, പാർക്കിംഗ് എന്നീ വിഭാഗങ്ങൾ സന്ദർശിച്ച് വിലയിരുത്തി. തുടർന്ന് പുരുഷന്മാരുടെ ജൽസാഗാഹിലെത്തിയ ഹുദൂർ അൻവർ ഡ്യൂട്ടികളുടെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിന്റെ വേദിയിൽ വിവിധ വരികളിലായി നിന്ന ഓരോ വിഭാഗത്തിന്റേയും സമീപത്തുകൂടി കടന്നു പോയി. ഓരോ വിഭാഗത്തിന്റേയും മുമ്പിൽ അവരവരുടെ വിഭാഗങ്ങളെ പരിചയപ്പെടുത്തുന്ന ബോർഡുകളും സ്ഥാപിച്ചിരുന്നു. ഓരോ വിഭാഗത്തിന്റേയും വരിയിൽ ആദ്യമായി നിലയുറപ്പിച്ച നാളിമീൻ എന്ന് വിളിക്കപ്പെടുന്ന തലവന്മാരെ ഹുദൂർ അൻവർ ഹസ്തദാനം ചെയ്തു. തുടർന്ന് സ്റ്റേജിലെത്തിയ ഹുദൂർ ഉദ്ഘാടന പരിപാടിക്ക് തുടക്കമിട്ടു.

പരിപാടിയുടെ ആരംഭം വിശുദ്ധ ഖുർആൻപാരായണത്തോടെ സമാരംഭിച്ചു. അതിന്റെ ഇംഗ്ലീഷ് പരിഭാഷ സമർപ്പിക്കപ്പെട്ടു. തുടർന്ന് ഹുദൂർ സദസ്സിനെ സംബോധന ചെയ്തു.

**ഹുദൂറിന്റെ ഹ്രസ്വമായ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, സൂറാ ഫാത്തിഹാ തിലാവത്തിനുശേഷം ഹുദൂർഅൻവർ പറഞ്ഞു: ഇന്ന് ഏകദേശം 7 വർഷത്തിനു ശേഷം നിങ്ങളുടെ ജൽസാസാലാനാ സഹായികളോടു കുറച്ചു കാര്യങ്ങൾ പറയാൻ എനിക്ക് അവസ്സരം ലഭിക്കുകയാണ്. അ

**• ഹദീഥുന്നബ്‌വിﷺ •**

"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."

ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വിﷺ •**

"സയ്യിദുൽഖൗമി ഖാദിമുഹും."

സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ വർഷവുമെന്നല്ല, ഓരോ ദിവസവും എന്നാണ് പറയേണ്ടത്, ജമാഅത്തിന്റെ ചുവട് പുരോഗതിയിലേക്ക് ഗമിക്കുകയാണ്. അല്ലാഹു ജമാഅത്തിന് സേവകരേയും നല്കി വരുന്നു. വളരെയധികം വാഖിഫീനെ നൗ വ്യക്തികളെ ജമാഅത്തിന്റെ സ്ഥിരസഹായികളെന്ന നിലയിൽ നമുക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ, ജൽസാ സംവിധാനം ധാരാളം സന്നദ്ധസേവകരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളിൽനിന്ന് അധികപേരും വർഷാ വർഷങ്ങളിൽ സേവനം ചെയ്തു വരുന്നവരായിരിക്കും. കുറച്ചു പുതിയതായി പ്രവേശിച്ചവരുമുണ്ടാകും. കുറച്ച് പഴയ പ്രവർത്തകരുമുണ്ടാകും. ഇവർ സ്നേഹാനുകമ്പയോടെ പുതിയ ആളുകൾക്ക് കാര്യങ്ങൾ പഠിപ്പിച്ചു കൊടുക്കേണ്ടതുണ്ട്. കുട്ടികൾക്ക് പരിശീലനം നല്കേണ്ടതുണ്ട്. യുവാക്കൾക്ക് പറഞ്ഞു കൊടുക്കേണ്ടതുണ്ട്. പുതിയതായി സന്നദ്ധ പ്രവർത്തകരാകുന്നവരും കുട്ടികളും അല്ലെങ്കിൽ പാക്കിസ്താനിൽ നിന്ന് വളരെധികം യുവാക്കൾ വന്നിട്ടുണ്ടാകും. ഇവരെല്ലാവരും മറ്റുരാജ്യങ്ങളെ പോലെ പ്രവർത്തനങ്ങൾ പരിശീലിക്കുന്നതിൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.

ഏതു പ്രവൃത്തിയും എത്ര ചെറിയ പ്രവൃത്തിയാണെങ്കിലും നിസ്സാരമായതല്ല. അതിന്റെ ആഴത്തിൽ ചെന്നെത്താൻ ശ്രമിക്കേണ്ടതുണ്ട്. എന്നും മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഉന്നതി കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്. പുതിയ മാർഗങ്ങളിലൂടെ എങ്ങനെ കൂടുതൽ പുരോഗതി കൈവരിക്കാൻ സാധിക്കുമെന്ന് നിരീക്ഷിക്കേണ്ടതുണ്ട്. അതുമുഖേന ജൽസാസാലനാ അതിഥികൾക്ക് കൂടുതൽ നല്ല രീതിയിൽ സേവനം നല്കാൻ സാധിക്കേണ്ടതാണ്.

ജൽസയിലെ അതിഥികളിൽ ഭൂരിഭാഗവും ഓസ്ട്രേലിയായിൽനിന്നു വന്നവരും ഇവിടെ താമസിക്കുന്നവരുമാണ്. എന്നാൽ, ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺവിവരിച്ച ജൽസയുടെ പ്രാധാന്യം മനസ്സിലാക്കി ഇതിൽ പങ്കെടുക്കാനുള്ള നിശ്ചയത്തിൽ വന്നവരാണ്. അതുകൊണ്ട് അവരോടു ആതിഥേയ മര്യാദ ഏറ്റവും നല്ല നിലയിൽ പുലർത്തേണ്ടത് ഓരോ സേവകന്റേയും നിർബന്ധ കടമയാണ്.

പാർക്കിംഗിൽ കാറുകൾ വരുന്നു. നല്ല പെരുമാറ്റം കാണിക്കുക. പാർക്കിംഗ് നല്ല രീതിയിൽ അവരെ കൊണ്ട് ചെയ്യിക്കുക. സെക്യൂരിറ്റി സേവനം നിർവഹിക്കുന്നവർ നിസ്സംശയം നല്ല രൂപത്തിൽ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. എന്നാൽ, സ്നേഹത്തോടും അനുകമ്പയോടും വരുന്നവരോടു പെരുമാറേണ്ടതാണ്. ഭക്ഷണം നല്കുന്നവർ അതിഥികളെത്ര പ്രാവശ്യം ഭക്ഷണം ആവശ്യപ്പെട്ടാലും നല്കേണ്ടതാണ്. മുമ്പേ ഇത്ര പ്രാവശ്യം കഴിച്ചിട്ട് വീണ്ടും ചോദിക്കുന്നുവെന്ന തോന്നൽ ഉണ്ടാക്കാതിരിക്കുക. ചിലർക്ക് ഒരു പ്രാവശ്യം ഭക്ഷണം വാങ്ങിയാലും ശരിക്കും വയറു നിറയില്ല. രണ്ടും മൂന്നും പ്രാവശ്യവും വാങ്ങും. അതുകൊണ്ട് ആർക്കും സങ്കോചമുണ്ടാകുന്ന അവസ്ഥ ഉണ്ടാകുന്ന അവസ്ഥ സൃഷ്ടിക്കാതിരിക്കേണ്ടതാണ്.

കുട്ടികളുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വളരെ നല്ല രീതിയിൽ ഡ്യൂട്ടി നല്കുന്നു. വെള്ളം നല്കുന്ന ഡ്യൂട്ടിയുണ്ട്. മറ്റു ഡ്യൂട്ടികളുണ്ട്. ജൽസയിൽ പങ്കെടുക്കുന്ന അനഹ്മദി അതിഥികൾ- ഇവിടേയും വരുമെന്ന് പ്രതീക്ഷിക്കുന്നു. വളരെ നല്ല സ്വാധീനത്തോടുകൂടിയാണ് അവർ ഇവിടെ നിന്ന് പോകാറുള്ളത്. അഹ്മദി സേവകർ വളരെ നല്ല സ്വഭാവത്തിന്റെ ഉടമകളാണ്. ഒരിക്കലും അവരുടെ നെറ്റി ത്തടം ചുളിയാറില്ല. എപ്പോഴും തയ്യാറാണെന്ന നിലയിലാണ് ഓരോ സേവകനുമുള്ളത്. കുട്ടികൾ യുവാക്കൾ, സ്ത്രീകൾ മുതിർന്നവർ തുടങ്ങി എല്ലാവരും സേവനത്തിൽ മുഴുകിയിരിക്കുന്നു. ഇത് സന്ദേശ പ്രചാരണത്തിന് വളരെ വലിയ മാർഗമാണ്. അതുകൊണ്ട് കേവലം ജൽസകളുടെ ഡ്യൂട്ടി നല്കി അതിഥികൾക്ക് എളുപ്പമുണ്ടാക്കുന്നു എന്ന് മാത്രം നിങ്ങൾ ധരിക്കരുത്. പ്രത്യുത, തന്റെ ഓരോ പ്രവൃത്തിയിലും താൻ നിർവഹിക്കുന്ന ഓരോ ഡ്യൂട്ടിയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങളും നിശബ്ദ സന്ദേശ പ്രചാരണമാണ് നിങ്ങൾ ചെയ്യുന്നത്. ഉദ്യോഗസ്ഥർ അവരുടെ നല്ല മാതൃകകൾ മുഖേന തന്റെ കീഴിൽ പ്രവർത്തിക്കുന്നവർക്കും യുവാക്കൾക്കും കുട്ടികൾക്കും നിശബ്ദമായ പരിശീലനമാണ് നല്കുന്നത്.

അതുകൊണ്ട് നമ്മുടെ ജൽസകൾ കേവലം ശിക്ഷണപരമായത് മാത്രമല്ല. പ്രത്യുത, സന്ദേശ പ്രചാരണ സംരംഭം കൂടിയാണ്. കേവലം പ്രസംഗകർ മാത്രമല്ല ശിക്ഷണപരവും സന്ദേശ പ്രചാരണപരവുമായ കാര്യങ്ങൾ സംസാരിക്കുന്നത്. പ്രത്യുത, ഓരോ സേവകനും ഓരോ ശിക്ഷണപരമായതും സന്ദേശ പ്രചാരണപരമായതുമായ പ്രവൃത്തിയിലും സ്വന്തം വ്യക്തി മുദ്ര പതിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പ്രാധാന്യത്തെ അതുകൊണ്ട് ഓരോരുത്തരും മുന്നിൽ വെക്കേണ്ടതാണ്. നമ്മൾ കണ്ടിട്ടുള്ള ഓരോ സംവിധാനങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെയധികം വിശാലത കൈവന്നിരിക്കുന്നു. വളരെ മികച്ച നിലയിൽ എല്ലാ കാര്യങ്ങളും ഒരുക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും പ്രാപ്തി നല്കുമറാകട്ടെ. ഏല്പിക്കപ്പെട്ട കടമകളും ഉത്തരവാദിത്വങ്ങളും ഏറ്റവും നല്ല രീതിയിൽ നിർവഹിക്കാൻ സാധിക്കുമറാകട്ടെ. ഇനി ദുആ ചെയ്യാം.

തുടർന്ന് 05.50-ന് ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ദുആ ചെയ്യിച്ചു. അതിനുശേഷം കുറച്ചു നേരം എം.ടി.എ ക്യാബിനും സന്ദർശിച്ചു.

അതുകഴിഞ്ഞ് ഹുദൂർ ഭക്ഷണപന്തലിൽ എല്ലാ ഡ്യൂട്ടിക്കാരോടുമൊപ്പം ലഘുഭക്ഷണം കഴിച്ചു.

**കൂടിക്കാഴ്ചകൾ**

തുടർന്ന് ഹുദൂർ ഇവിടെനിന്ന് ഓഫീസിൽപ്പോയി. 06.10-ന് കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഇന്നത്തെ ഈ സായാഹ്ന കൂടിക്കാഴ്ചയിൽ 48 കുടുംബങ്ങളിൽനിന്നുള്ള 218 പേർ തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ച നടത്തി. കുടുംബത്തോടെയല്ലാതെ വന്ന ചിലർ വ്യക്തിഗതമായും കൂടിക്കാഴ്ച നടത്തി. ചുവടെ ചേർക്കുന്ന ജമാഅത്തിൽനിന്നു വന്നവരാണ് ഈ സായാഹ്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തത്.

മൌണ്ട് ഡ്രൂയിട്ട്(സിഡ്നി), ബ്ലാക്ക് തസ്മാനിയ, അഡിലൈഡ് ടൗൺ.

അഡിലൈഡ് ടൗണിൽനിന്ന് റോഡുമാർഗം വന്നവർ 21 മണിക്കൂർ യാത്രയ്ക്കുശേഷമാണ് സിഡ്നിയിൽ ഹുദൂറിന്റെയടുക്കലെത്തിയത്. കൂടാതെ ജപ്പാനിൽ നിന്നു വന്ന ഒരു കുടുംബത്തിനും കൂടിക്കാഴ്ചക്ക് ഇന്ന് സൗഭാഗ്യം ലഭിച്ചു.

ഓരോരുത്തർക്കും ഇമാമുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥിവിദ്യാർഥിനികൾ ഹുദൂറിൽനിന്ന് പേന ഉപഹാരമായി സ്വീകരിച്ചു. കുഞ്ഞുങ്ങൾക്ക് ഹുദൂർ ചോക്ലേറ്റ് നല്കി.

**• ഹദീഥുന്നബ്‌വിﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വിﷺ •**

**"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."**

**കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."**

**ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ഇന്നത്തെ കൂടിക്കാഴ്ചയിൽ അഡിലൈഡിൽനിന്നുവന്ന കുടുംബംഗളിൽ ചില രക്തസാക്ഷികളുടെ കുടുംബങ്ങളുമുണ്ടായിരുന്നു. ചില ദൈവമാർഗത്തിൽ ജയിൽ വാസം അനുഭവിക്കുന്ന വ്യക്തികളുടെ കുടുംബാംഗങ്ങളും ഉണ്ടായിരുന്നു. ഇവർ തങ്ങളുടെ നാട്ടില് സ്വന്തം ജനതയാൽ മർദനങ്ങൾക്കും ആക്രമണങ്ങൾക്കും വിധേയരായിരുന്നു. അവരുടെ പ്രിയപ്പെട്ടവരെ അവരിൽനിന്നു തട്ടിമാറ്റിയവരായിരുന്നു. ഒടുവിൽ സ്വന്തം വീടും സ്ഥാവരജംഗമ വസ്തുക്കളും വിട്ടൊഴിഞ്ഞ് പ്രിയപ്പെട്ടവരേയും ബന്ധുക്കളേയുമുപേക്ഷിച്ച് വളരെയധികം ദുരിത സാഹചര്യത്തിൽനിന്ന് വളരെ ദൂരെ മറ്റൊരു നാട്ടിൽ സ്വസ്ഥതയോടെ ജീവിതം നയിക്കാൻ വന്ന് താമസമാക്കിയവരാണ്. ഇന്ന് ഇവരിലെ ചിലർ ആദ്യമായി ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം കിട്ടിയവരാണ്.

ഹുദൂറിൽനിന്ന് അവർ ക്ക് വളരെയധികം സ്നേഹവും കുന്നോളം ദുആകളും ലഭിച്ചു. അവരുടെ ഹൃദയം ശാന്ത നിർഭരമായി. ഇന്ന് ജീവിതത്തിൽ ആദ്യമായി തങ്ങളുടെ ഇമാമിന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിച്ചതിൽ അവർ നിസ്സീമമായ സന്തോഷത്തിലായിരുന്നു. സാമീപ്യത്തിന്റെ ഈ ചില നേരങ്ങൾ ജീവിതത്തിൽ ലഭിച്ച വലിയ നിക്ഷേപമായിരുന്നു എന്നവർ പറഞ്ഞു. ഈ വിദൂര ദേശത്ത് ഇമാമിനെ ദർശിക്കാൻ ലഭിച്ചത് മഹാഭാഗ്യമാണെന്നും ഭാഗ്യവാനാണ് ഭാഗ്യവാനാണ് ഞാനെന്നും അവർ തുടർന്ന് പറഞ്ഞു.

കൂടിക്കാഴ്ചകളുടെ ഈ പരിപാടി 08.35 വരെ നീണ്ടു. ശേഷം മസ്ജിദ് ബയ്ത്തുൽ ഹുദായിൽ മഗ്രിബ്-ഇശാ നമസ്കാരത്തിന് ഹുദൂർ നേതൃത്വം നല്കി.

### ഡെയ്‌ലി ടെലഗ്രാഫ് പത്രം; ഹുദൂറുമായുള്ള അഭിമുഖം

2013 ഒക്ടോബർ 2-ന് ഡെയ്‌ലി ടെലഗ്രാഫ് പത്രത്തിന്റെ പ്രതിനിധി ഹുദൂറുമായി അഭിമുഖം നടത്തിയിരുന്നു. ഒക്ടോബർ 03-ന് ഇതിന്റെ കുറച്ചു ഭാഗം പത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിന്റെ ഉർദുവിൽനിന്നുള്ള തർജമ ചുവടെ ചേർക്കുന്നു.

DAILY TELEGRAPH
Mt Druitt- St Marys Standard
2013 Octobar 03

### പോപ്പിനെപോലെ ഒരു മുസ്‌ലിം ലീഡർ

സിറിയയിലെ അസ്ഥിരത ലോകത്തിന്റെ ഇതര പ്രദേശങ്ങളേയും അതിന്റെ പിടിത്തത്തിൽ കൊണ്ടുവരും.

അഹ്മദികളുടെ ഖലീഫ മിർസാ മസ്റൂർ അഹ്മദ് ഇന്നാളുകളിൽ ഓസ്ട്രേലിയയിലുണ്ട്. അദ്ദേഹം തന്റെ വികാരങ്ങൾ അഹ്മദിയ്യാ സമൂഹവുമായി നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കി.

സിറിയയെ കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:'ഇരുവിഭാഗങ്ങളും അതായത് ഭരണകൂടവും പൊതുജനവും മര്യാദ കാണിക്കേണ്ടതുണ്ട്. അൽഖാഇദ, ത്വാലിബാൻ പോലുള്ള സ്വതന്ത്ര ഗ്രൂപ്പുകൾ രാജ്യത്തിന്റെ ഏകദേശം 70 ശതമാനം ഭാഗവും നശിപ്പിച്ചിരിക്കുന്നു. രാജ്യത്ത് ഭയാനകാന്തരീക്ഷമാണുള്ളത്. ഈ പ്രദേശത്തിന്റെ ആകമാനം സമാധാനത്തിനും അപകടകരമാണ്. ഈ അസമാധാനം ലോകത്തെയാകമാനം അതിന്റെ കൈപ്പിടിയിൽക്കൊണ്ടുവരുമോ എന്ന ആശങ്കയാണ് നിലനിൽക്കുന്നത്.

മാർസ്ഡെൻ പാർക്ക് മസ്ജിദ് സന്ദർശന വേളയിൽ ഖലീഫത്തുൽ മസീഹ് ഓരോ കുടുംബത്തിനും മൂന്ന് മിനിറ്റ് സമയം നല്കും. അതിലൂടെ ഓരോ അംഗങ്ങളുടെ അവസ്ഥകളെ കുറിച്ച് അന്വേഷിക്കും. അവർക്ക് സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം നല്കും. ഈ വാരാന്ത്യത്തോടെ 4000-ൽ അധികം വരുന്ന മുസ്‌ലിമീംഗളുമായി ഖലീഫത്തുൽ മസീഹ് കൂടിക്കാഴ്ച നടത്തുകയോ അല്ലെങ്കിൽ അദ്ദേഹത്തെ ഒരു നോക്കു കാണാൻ തടിച്ചു കൂടുകയോ ചെയ്യും.

മാർസ്ഡെൻ അഹ്മദിയ്യാ സമൂഹത്തിലെ ഒരു പ്രാദേശിക അംഗമായ മിർസാ ശരീഫ് പറയുന്നു:ഹുദൂർ അൻവറിന്റെ ഈ സന്ദർശനത്തിന് ഞങ്ങൾ അതീവ പ്രാധാന്യമാണ് നല്കുന്നത്. കുടുംബങ്ങൾ ഖലീഫയോടൊപ്പം മൂന്നുമിനിറ്റു വീതം കൂടിക്കാഴ്ച നടത്തുമെന്നും തങ്ങളുടെ പ്രശ്നങ്ങളിൽ മാർഗദർശനം തേടുമെന്നും അദ്ദേഹം പറഞ്ഞു.

നമ്മുടെ മതത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം പോപ്പിനെ പോലെയാണ്. അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പും പോപ്പിനെ പോലെയാണ്. നമ്മുടെ ജമാഅത്ത് ഒരു നേതാവുള്ള ലോകത്തിലെ ഏക മുസ്‌ലിം സമൂഹമാണ്.

ആദരണീയരായ ഖലീഫ പറഞ്ഞു: 'ലോകത്ത് എവിടെപ്പോയാലും ജമാഅത്തംഗങ്ങളുമായി കൂടിക്കാഴ്ചയും അവരുടെ പ്രവർത്തന പുരോഗതി വീക്ഷിക്കലും വിലയിരുത്തലുമാണ് എന്റെ ദൗത്യം.'

സമാധാന സ്ഥാപനത്തിനുവേണ്ടി അംഗങ്ങളെ അദ്ദേഹം ഇപ്രകാരം ഉപദേശിച്ചു: പരസ്പരം ആദരവോടെ പെരുമാറുക. നാമെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. ദൈവം തന്റെ സൃഷ്ടികളെ സ്നേഹിക്കുന്നു. അതുകൊണ്ട് നമ്മളും നല്ല പെരുമാറ്റം ശീലമാക്കേണ്ടതാണ്.

ഖലീഫ തുടരുന്നു: 2003-ൽ ജമാഅത്തിന്റെ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്ന അവസാന നിമിഷങ്ങൾവരെ എനിക്ക് ഇതു സംബന്ധമായ ഒരു അറിവുമുണ്ടായിരുന്നില്ല. 27-ാം വയസ്സിൽ ഞാനെ ന്റെ ജീവിതം ജമാഅത്തിന് സമർപ്പിച്ചു കഴിഞ്ഞിരുന്നു.

പോപ്പിന്റെ തിരഞ്ഞെടുപ്പുപോലെ തിരഞ്ഞെടുപ്പ് നടന്നു. ഏതെല്ലാം പേരുകൾ സമർപ്പിക്കപ്പെടുമെന്ന് ആർക്കും അറിയില്ലായിരുന്നു. ഒരു തിരഞ്ഞെടുപ്പ് കമ്മിറ്റിയുണ്ട്. അതിൽ ലോകത്തിലെ വിവിധ രാജ്യങ്ങളുടെ ജമാഅത്ത് തലവന്മാരും മിഷണറിമാരും ജമാഅത്തിന്റെ ഉന്നത ഭാരവാഹികളും വോട്ട് ചെയ്യാനുള്ള അവകാശം വിനിയോഗിക്കുന്നു.

ഖലീഫയുടെ തിരഞ്ഞെടുപ്പു സമയത്ത് അദ്ദേഹം പാക്കിസ്താനിലെ ജമാഅത്തിന്റെ തലവനായിരുന്നു.

### 20013 ഒക്ടോബർ 04- അനുഗൃഹീത വെള്ളിയാഴ്ച

രാവിലെ 04.00 മണിക്ക് ഹുദൂർ മസ്ജിദ് ബയ്ത്തുൽഹാദിയിൽ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. അതുകഴിഞ്ഞ് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ വ്യാപൃതനായി.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓസ്ട്രേലിയാ അഹ്മദിയ്യാ ജമാഅത്തിന്റെ 29-ാം ജൽസാ സാലാനയുടെ ഉദ്ഘാടന ദിവസമായിരുന്നു.

ഓസ്ട്രേലിയായുടെ തലസ്ഥാന മണ്ണിൽ ഹുദൂർഅൻവറിന്റെ നേരിട്ടുള്ള സാന്നിധ്യംകൊണ്ട് അനുഗൃഹീതമാകുന്ന രണ്ടാമത്തെ ജൽസാ സാലാനയായിരുന്നു ഇത്. 2006-ൽ ഇതിനു മുമ്പേ ഹുദൂർ ജൽസാ സാലാനക്ക് തന്റെ അനുഗൃഹീത സാന്നിധ്യം നല്കിയിരുന്നു.

### പതാക ഉയർത്തൽ

01.00 മണിക്ക് ഹുദൂർ താമസ സ്ഥലത്തുനിന്ന് പുറത്തു വന്നു. പതാക ഉയർത്തി. അഹ്മദിയ്യാ പതാക ഹുദൂർ ഉയർത്തിയപ്പോൾ മറുഭാഗത്ത് ഓസ്ട്രേലിയാ അഹ്മദിയ്യാ ജമാഅത്ത് നാഷണൽ നാഇബ് അമീറായ ആദരണീയ ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് ഓസ്ട്രേലിയയുടെ ദേശീയ പതാക ഉയർത്തി. ഓസ്ട്രേലിയായുടെ ദേശീയ അമീറും മുബല്ലിഗ് ഇൻചാർജുമായ ആദരണീയ മഹ്മൂദ് അഹ്മദ് ശാഹിദ് സാഹിബിന്റെ ആരോഗ്യസ്ഥിതി ശരിയല്ലാത്തതു കൊണ്ടാണ് ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കാതെ പോയത്.

പതാക ഉയർത്തുന്ന സമയം ജമാഅത്തംഗങ്ങൾ പൂർണ ആവേശത്താൽ തക്ബീർ ധ്വനികൾ മുഴക്കി. ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. പതാക ഉയർത്തൽ ചടങ്ങ് എം ടീ ഏയിൽ തൽസമയസംപ്രേഷണം ചെയ്യപ്പെട്ടു.

ഹദീഥുന്നബവി
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail :badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly BADAR Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 25 September 2025 Issue-39

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ജിഹാദിന്റെ യാഥാർത്ഥ്യം ഖുർആനിക വെളിച്ചത്തിൽ

## നസീർ അഹ്മദ് ആരിഫ് നള്വാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ
## പരിഭാഷ: മൗലവി അലിക്കുഞ്ഞ് കരുളായി

ഇസ്‌ലാം ഒരു സമ്പൂർണ മതമാകുന്നു. ഖുർആൻ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന് വ്യക്തമായ മാർഗദർശിയുമാകുന്നു. ഖുർആനിൽ ജിഹാദിനെക്കുറിച്ച് എന്ത് പറയുന്നുവെന്ന് ചുരുക്കി വിവരിക്കുകയാണ് എന്റെ ലക്ഷ്യം.

'ജിഹാദ്' എന്ന പദം 'ജുഹ്ദ്' എന്ന പദത്തിൽനിന്ന് നിഷ്പന്നമാണ്. അതിന്റെ അർഥം കഠിനമായി പരിശ്രമിക്കുകയെന്നതാണ്. സാധാരണയായി ഈ പദം യുദ്ധത്തിനും പോരാട്ടത്തിനുമായി ഉപയോഗിക്കുന്നു. എന്നാൽ, അത് തെറ്റാണ്. ഖുർആനും ഹദീഥുകളും പരിശോധിക്കുമ്പോൾ ജിഹാദ് നാല് വിധമാണെന്ന് മനസ്സിലാകുന്നതാണ്.

1. ജിഹാദ് ബിന്നഫ്സ് 2. ജിഹാദ് ബിൽ ഖുർആൻ 3. ജിഹാദ് ബിൽമാൽ 4. ജിഹാദ് ബിസ്സയ്ഫ്

### ജിഹാദ് ബിന്നഫ്സ്:-

അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു. **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ**(29:70) നമ്മുടെ മാർഗത്തിൽ കഠിനമായി പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗത്തിൽ നയിക്കുന്നതാണ്.

അതായത് ഏതൊരു കൂട്ടർ അല്ലാഹുവിന്റെ സാമീപ്യം കൂട്ടുന്നതിന് തങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന കഴിവുകളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നുവോ അവർക്ക് വിജയം നൽകപ്പെടുന്നു. അവർ ആത്മീയവും ഭൗതികവുമായ വിജയങ്ങൾ കരസ്ഥമാക്കുന്നു. നബിﷺതിരുമേനി ഒരു യുദ്ധം കഴിഞ്ഞു മടങ്ങുന്ന വേളയിൽ പറഞ്ഞു, 'നമ്മൾ ചെറിയ ജിഹാദിൽനിന്ന് അതായത് യുദ്ധത്തിൽനിന്ന് വലിയ ജിഹാദിലേക്ക് അതായത് ശരീരേച്ഛകളെ നിയന്ത്രിക്കുന്ന കഠിനപരിശ്രമത്തിലേക്ക് മടങ്ങുകയാണ്.' *(കൻസുൽഉമ്മാൽ കിതാബുൽ ജിഹാദ്)*

ഈ ഹദീഥിൽനിന്ന് മനസ്സിലാകുന്നത് യുദ്ധമല്ല വലിയ ജിഹാദെന്നാണ്. വലിയ ജിഹാദ് നഫ്സിനോടു ശരീരേച്ഛയോടുള്ള പോരാട്ടമാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഈ പോരാട്ടത്തിലാണ്. നന്മയിൽ മുന്നേറുന്ന കാര്യത്തിലാകട്ടെ അല്ലെങ്കിൽ പരീക്ഷണത്തിൽ സഹനം കൈക്കൊള്ളുന്ന കാര്യത്തിലാകട്ടെ അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ഉന്നത നിലവാരം നിലനാട്ടുകയും വിജയം കൈവരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കാഴ്ച നമുക്ക് കാണാം. ഇത് എതിരാളികൾപോലും അംഗീകരിക്കുന്ന കാര്യമാണ്.

1. മുഹമ്മദ് അക്റം സാഹിബ് എം.എ. ഇപ്രകാരം എഴുതുന്നു: 'മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കഠിന പ്രയത്നത്തിലും ആവേശത്തിലും ആത്മവിശ്വാസത്തിലും അടിയുറച്ചവരാണ്. ദുൻയാവിലെ സകല രോഗങ്ങൾക്കും മരുന്ന് അവരുടെ പക്കലുണ്ടെന്ന് അവർ കരുതുന്നു.' *(മൗജെ കൗഥർ, പേജ് 192)*

മഖ്ബൂൽ റഹീം സാഹിബ് മുഫ്തി എഴുതുന്നു: 'അഹ്മദിയ്യാ ജമാഅത്തിൽ ഉന്നതരും പ്രാപ്തരുമായ ആളുകളുണ്ടാകാൻ കാരണം അവർ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ഭിന്നതകളും കുഴപ്പങ്ങളും മാറ്റിവെച്ചുകൊണ്ട് അംഗങ്ങളുടെ സർവ്വോന്മുഖ പുരോഗതിക്കായി കഠിനമായി പരിശ്രമിച്ചുവെന്നതാണ്.' *(റോസ്നാമ മഗ്‌രിബ് 24-2-1994)*

### ജിഹാദ് ബിൽഖുർആൻ:

ഖുർആനിൽ ഇപ്രകാരം പറയുന്നു: **ഫലാ തുത്വിയിൽ കാഫിരീന വ ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ**(25:53) അതിനാൽ നീ അവിശ്വാസികളോട് ഖുർആൻ മുഖേന ജിഹാദ് ചെയ്യുവാൻ കല്പിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുദ്ദേശിക്കുന്നത് തബ്‌ലീഗാണ്. രണ്ടാമത്തെ വലിയ ജിഹാദായി പറഞ്ഞിരിക്കുന്നത് ഇതിനെയാണ്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ് അഹ്മദിയ്യാ ജമാഅത്തിന് ഈ ജിഹാദിലും മറ്റാരേക്കാളും മുന്നേറാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നകാര്യം ജമാഅത്തിന്റെ എതിരാളികളും അംഗീകരിക്കുന്നു.

മൗലാനാ സഫർ അലിഖാൻ എഡിറ്റർ സമീൻദാർ ലാഹോർ ഇപ്രകാരം എഴുതുന്നു: 'വീട്ടിലിരുന്ന് അഹ്മദികളെ കുറ്റം പറയുകയെന്നത് എളുപ്പമാണ്. എന്നാൽ, ഈ ഒരു ജമാഅത്ത് മാത്രമാണ് അവരുടെ മുബല്ലിഗീങ്ങളെ ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും നിയോഗിച്ചിട്ടുള്ളത്.' (അഖ്ബാർ സമീൻദാർ ലാഹോർ ഡിസംബർ 1926)

ജനാബ് അബ്ദുൽ ഹഖ് തന്റെ 'പണ്ഡിതരോടുള്ള അഭ്യർഥന'യെന്ന ലേഖനത്തിൽ ഇപ്രകാരം എഴുതുന്നു: 'ഖാദിയാനി ടെലിവിഷൻ പാക്കിസ്താനിലെ വീടുവീടാന്തരം പ്രവേശിച്ച് ഖുർആൻ കേൾപ്പിച്ചുകൊണ്ടും അതിന്റെ തഫ്സീറുകൾ പഠിപ്പിച്ചും ഹദീഥും ദർസുകളും പദ്യങ്ങളുമൊക്കെയായി ഇതര സമൂഹങ്ങളേയും പ്രത്യേകിച്ച് അറബികളെ കാണിച്ചുകൊണ്ടും നമ്മുടെ യുവാക്കളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്.' *(അൽ ഇഹ്ത്തിസാം വീക്കിലി 24-1-1997)*

മൗലാനാ മൻസൂർ ചീനിയോട്ടി ഒരു ഇന്റർവ്യൂവിൽ ഇപ്രകാരം പറയുന്നു: 'റഷ്യൻഭാഷയിൽ ഖാദിയാനികൾ ഖുർആൻ തർജമ ചെയ്ത് റഷ്യയിൽ മുഴുവനും വിതരണം നടത്തിക്കഴിഞ്ഞു. നൂറോളം ഭാഷയിൽ ഖുർആൻ തർജമ ചെയ്ത് ലോകം മുഴുവൻ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.' *(വുജൂദ് വീക്കിലി കറാച്ചി 2000)*

ഖാളി മുഹമ്മദ് അസ്‌ലം സെയ്ഫ് ഫിറോസ്പൂരി തന്റെ ലേഖനത്തിൽ എഴുതുന്നു: 'ഖാദിയാനികളുടെ ബജറ്റ് കോടികളുടേതാണ്. തബ്‌ലീഗിനായി ലോകം മുഴുവൻ അവർ വലവിരിച്ചുകഴിഞ്ഞു. അവരുടെ മുബല്ലിഗീങ്ങൾ ദൂരദേശങ്ങളിൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. വീട്ടുകാരിൽനിന്ന് ദൂരപ്പെട്ട് ആഫ്രിക്കൻ മരുഭൂമികളിലും യൂറോപ്പിലെ തണുപ്പ് പ്രദേശങ്ങളിലും ആസ്ത്രേലിയ, അമേരിക്ക, കനഡ പോലുള്ള നാടുകളിലും അവർ പരന്നിരിക്കുകയാണ്.' *(അഹ്‌ലെ ഹദീഥ വീക്കിലി ലാഹോർ, സെപ്തംബർ 11, 1992)*

ഈ മഹത്തായ ജിഹാദെ കബീറാണ് ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർവ്വഹിച്ചുവരുന്നത്. ഖുർആൻ മുഖേനയുള്ള ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്ന അഹ്മദികൾക്ക് എല്ലാവിധ വിജയങ്ങളും സഹായങ്ങളും അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നു. നബിﷺതിരുമേനിയെ ചീത്തവിളിച്ചിരുന്ന സമൂഹത്തെ അങ്ങയുടെമേൽ സ്വലാത്ത് ചൊല്ലുന്നവരായി മാറ്റുകയുണ്ടായി.

### ജിഹാദ് ബിൽമാൽ:

ജിഹാദ് ബിൽമാൽ (സമ്പത്തുകൊണ്ടുള്ള ജിഹാദ്) അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ ദീനിന്റെ പ്രചാരണത്തിനും മറ്റും സമ്പത്ത് ചെലവഴിക്കുന്നതിനെ ജിഹാദെന്ന് ഖുർആൻ പറയുന്നു. അല്ലാഹു പറയുന്നു. **വ ജാഹിദൂ ബി അംവാലിക്കും വ അൻഫുസിക്കും ഫീ സബീലില്ലാഹി**(9:41) അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ജീവനും ധനവും കൊണ്ട് ജിഹാദ് ചെയ്യുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ ജിഹാദിലും പ്രത്യേക സ്ഥാനം കൈവരിച്ചിരിക്കുന്നു. ദിനേനെയെന്നോണം പുരോഗതിയുടെ പുതിയ മാർഗങ്ങൾ അതിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ഈവിധ ത്യാഗങ്ങൾ ഇന്ന് മറ്റെവിടെയും

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin